എൻ. വി. വെങ്കിടാചലം,
സീ. ഇന്റർ.

# സർ മുഹമ്മത് ഇഖ്ബാൽ

:0:

ഭാരതമാതാവിൻെറ നിസ്തുലപ്രശസ്തിക്കു കാരണഭൂതരായ ഭാരതീയ മഹാന്മാരിൽ അഗ്രഗണ്യസ്ഥാനം വഹിക്കുന്ന ഒരാളാണ് സർ മഹമ്മത് ഇഖ്ബാൽ. തത്വജ്ഞാനിയും രാഷ്ട്രോത്തേജകനും സാഹിത്യപുംഗവനും അഭിഭാഷകപ്രമാണിയും സമുദായോദ്ധാരകനുമായിരുന്ന ആ മഹാൻെറ അകാലവിയോഗം ലോകത്തെ പ്രത്യേകിച്ചു ഭാരതീയരെ—ശോകസാഗരത്തിൽ ആഴ്ത്തുകയും അടിമത്തം അനുഭവിക്കുന്ന ഭാരതീയഹൃദയങ്ങളെ സന്താപസമ്പൂർണ്ണമാക്കുകയും ചെയ്തിരിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി അക്രമരാഹിത്യമാകുന്ന ആത്മീയായുധമേന്തി പോർക്കളത്തിൽ ഇറങ്ങീട്ടുള്ള ഭാരതീയയോദ്ധാക്കൾക്കു ഇഖ്ബാൽ ഒരുത്തമദൃഷ്ടാന്തമാകുന്നു അഗാധമായ ബുദ്ധി, നിരുപമമായ പാണ്ഡിത്യം, അന്യാദൃശമായ സമുദായസേവനം, അഭിലഷണീയമായ കവിതാചാതുര്യം മുതലായവയാൽ അദ്ദേഹം പ്രശോഭിതനായിരുന്നു.

ഇഖ്ബാൽ 1876 മേയ് 21_ാംനു പഞ്ചാബ് സംസ്ഥാനത്തിലെ സിയാൽകോട്ട എന്ന ചെറുനഗരത്തിൽ ഭൂജാതനായി. അദ്ദേഹത്തിൻെറ വംശം കാശ്മീരിലെ സപ്റ എന്ന പ്രസിദ്ധപണ്ഡിത ബ്രാഹ്മണവംശമാകുന്നു. ഏകദേശം രണ്ടു നൂററാണ്ടുകൾക്കു മുമ്പാണ് ആ വംശം സ്വമതം ഉപേക്ഷിച്ചു ഇസ്ലാംമതം സ്വീകരിച്ചതു്.

അദ്ദേഹത്തിൻെറ വിദ്യാഭ്യാസജീവിതം ഇന്നത്തെ വിദ്യാർത്ഥികൾക്ക് ഒരുത്തമമാതൃകയാകുന്നു. ഇഖ്ബാൽ തൻെറ ചെറുപ്പകാലത്തു വിദ്യാഭ്യാസത്തിൽ അനല്പമായ സാമർത്ഥ്യം പ്രകടിപ്പിച്ചു. പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കി. കലാശാലവിദ്യാഭ്യാസകാലത്തു തത്വജ്ഞാനം പഠിക്കുന്നതിൽ അതിയായ പ്രതിപത്തി കാണിച്ചു 1909_ാം വർഷം ബി. എ. ക്കു പഠിക്കുന്നതിന്നു ലാഹോർ ഗവർമ്മെണ്ടു കോളേജിൽ ചേരുകയും അവിടത്തെ തത്വജ്ഞാന പ്രൊഫസരായിരുന്ന സർ തോമസ് അർനോൾഡിൻെറ സഹായം ഇഖ്ബാലിനെ കൂടുതൽ തത്വജ്ഞാനോത്സുകനാക്കിതീർക്കുകയും ചെയ്തു. ലാഹോർ കോളേജിൽ നിന്നു ഒന്നാമതായി എം. എ. ബിരുദു സമ്പാദിച്ച അദ്ദേഹത്തിന്നു ഗവർമ്മേണ്ടു ഒരു സ്വർണ്ണമെഡൽ സമ്മാനിക്കുകയും ചെയ്തു.

അതിന്നുശേഷം പാശ്ചാത്യദേശങ്ങൾ സന്ദർശിക്കുവാൻ അദ്ദേഹത്തിന്നു അതിയായ മോഹം തോന്നി. 1905_ൽ ഇംഗ്ലണ്ടിലേക്കു പുറപ്പെടുകയും തത്വശാസ്ത്ര പഠനാർത്ഥം കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ചേരുകയും ചെയ്തു. തത്വശാസ്ത്ര

ത്തിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ചതിന്നു ശേഷം ജമ്മനിയിലെ 'മ്യൂണിച്ച്' സവ്വകലാശാലയിൽ നിന്നു പി. എച്ച്. ഡി. ബിരുദം നേടി. ഇതേ അവസരത്തിൽ അദ്ദേഹം നിയമസംബന്ധമായും അദ്ധ്യയനം നടത്തിയിരുന്നു. 1908_ൽ തന്റെ 32_ാമത്തെ വയസ്സിൽ അദ്ദേഹം ലാഹോർ ഹൈക്കോർട്ടിൽ പ്രാക്ടീസാരംഭിച്ചു.

എന്നാൽ ഇതോടുകൂടി അദ്ദേഹത്തിന്റെ ഹൃദയത്തിൽ മങ്ങിക്കിടന്നിരുന്ന ജന്മസിദ്ധമായ കവിതാവാസന പ്രഭാതസൂര്യന്റെ ചെങ്കതിരുകൾപോലെ പ്രശോഭിച്ചുതുടങ്ങി. ഉറദു, പാർസി എന്നീ ഭാഷകളിൽ കവിതകൾ നിമ്മിക്കുന്നതിൽ അദ്ദേഹം പ്രശസ്തമാംവണ്ണം വിജയം നേടി. അദ്ദേഹത്തിന്റെ 'അനാഥവിലാപം' എന്ന കവിത ഏതൊരു ശ്രോതാവിന്റെ ഹൃദയത്തെയാണ് ഭഞ്ജിക്കാത്തതു്? പ്രകൃതിസൌന്ദര്യത്തെ വണ്ണിച്ചുകൊണ്ടു ഇഖ്ബാൽ രചിച്ച മിന്നാമിനുങ്ങ്, പൌണ്ണമി, പനിനീർപുഷ്പം, കാശ്മീർ എന്നീ കവിതകൾ പാശ്ചാത്യ കവിവയ്യനായ 'വേഡ്സ്വത്തി'ന്റെ കവിതകളോടു കിടപിടിക്കത്തക്കവയാണെന്നാണ് സഹൃദയന്മാരുടെ അഭിപ്രായം.

ഇഖ്ബാലിന്റെ സമുദായസേവാതൽപരതയും, അഗാധപാണ്ഡിത്യവും തത്വജ്ഞാനമഹിമയും കണ്ട് ബ്രി. ഗവമ്മെണ്ടു 1923_ൽ അദ്ദേഹത്തിന്നു സർ എന്ന ബഹുമതി നല്കി. 1924_ൽ അദ്ദേഹത്തെ പഞ്ചാബ് നിയമനിമ്മാണസഭയിലെ അംഗമായി തിരഞ്ഞെടുത്തു.

ഇഖ്ബാലിന്റെ കവിതോദ്ദേശം ദേശീയസ്വാതന്ത്ര്യസമരത്തിൽ ധമ്മയോദ്ധാക്കളെ കമ്മവീരന്മാരാക്കിത്തീക്കുകയായിരുന്നു. 1929_ൽ ഇന്ത്യൻഭരണപരിഷ്കാരത്തെപററി പയ്യാലോചിക്കാൻ ലണ്ടനിൽവെച്ചു കൂടിയ വട്ടമേശാസമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു.

ഇഖ്ബാലിന്റെ ദേശീയഗാനങ്ങൾ പണ്ഡിതപാമരവ്യത്യാസമെന്യെ സവ്വരുടേയും ഹൃദയങ്ങളിൽ സ്വാതന്ത്ര്യാഗ്നിയെ ഉദ്ദീപിപ്പിക്കുന്നവയാകുന്നു. ഹിന്ദുമുസ്ലിം മൈത്രിയുടെ അത്യന്താപേക്ഷിതയെകുറിച്ചും അദ്ദേഹം തന്റെ 'നയാശിവാലയ' എന്ന കവിതയിൽ വ്യക്തമായി വണ്ണിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും മാമൂലുകളെയും പരിത്യജിച്ചു നാഗരികതത്വത്തോടെ പുരോഗമനേച്ഛുക്കളായി സ്വാത്മത്തെ ഉപേക്ഷിച്ചു സാമൂഹ്യഗുണത്തെ ലാക്കാക്കി ജീവിക്കുകയാണ് അദ്ദേഹത്തിന്റെ കവിതോദ്ദേശം.

ഭാരതമാതാവിന്റെ ആ വിശിഷ്ടസന്താനം 1938 ജനവരി 9_ാംനു ഐഹികവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ ശവസംസ്കാരാവസരത്തിൽ രവീന്ദ്രനാഥടാഗോർ തുടങ്ങിയ പല മഹാന്മാരും പങ്കെടുത്തിരുന്നു.

സ്വതന്ത്രഭാരതത്തിലെ പൌരുഷവും കർമ്മസാദ്ധ്യതയും തികഞ്ഞ ഒരു ജനസമുദായത്തെയാണ് വിശാലമനസ്കനും പ്രതിഭാശാലിയുമായ ഇഖ്ബാൽ സ്വപ്നം കണ്ടിരുന്നത്. ഇഖ്ബാലിന്റെ കവിതകൾ ലോകത്തിലെ പല ഉൽകൃഷ്ടഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇഖ്ബാൽ 'അസ്റാരി' എന്ന പാർസി ഭാഷയിൽ എഴുതീട്ടുള്ള കാവ്യം 'നിക്കൾസ്സ്'' എന്ന ഇംഗ്ലീഷുകാരൻ ഇംഗ്ലീഷിലേയ്ക്കു തർജ്ജമ ചെയ്തിട്ടുണ്ട്.

അണയുവാൻ പോകുന്ന ദീപത്തിന്റെ അന്ത്യശോഭയെന്നപോലെ, മൂന്നു വർഷങ്ങളോളമായി രോഗാതുരനായി കിടന്നിരുന്ന അദ്ദേഹത്തിന്നു മരണാവസരത്തിൽ ദിനത്തിന്നു അല്പം ആശ്വാസമുണ്ടായിരുന്നു. 9-ാംനു നേരം പുലർന്നു. പ്രഭാതസൂര്യന്റെ ചെങ്കതിരുകൾ പൂർവ്വദിക്കിനെ അലങ്കരിച്ചപ്പോൾ മരണത്തിന്റെ മണിനാദം കേട്ടു ഇഖ്ബാൽ ഞെട്ടിയുണർന്നു. മരണത്തെ വെല്ലുവിളിക്കാൻ ഒരുങ്ങി പുറപ്പെട്ട ഒരു ധീരയോദ്ധാവിന്റെ നിലയിൽ യാതൊരു മനശ്ചാപല്യവും കൂടാതെ സുസ്മേരവദനനായി അരുളിയ വചനമിതായിരുന്നു. "ഞാനൊരു മുസൽമാനാണ്. മരണത്തെ ഞാൻ അശേഷവും ഭയപ്പെടുന്നില്ല. സന്തോഷാശ്രുക്കളോടെ മൃത്യുദേവതയെ ഞാനിതാ സ്വാഗതം ചെയ്യുന്നു"

ഇങ്ങിനെ ആ വിശ്വവിഖ്യാതനായ ഉറദുഭാഷാസാഹിത്യകാരൻ ഇഹലോകമാകുന്ന നാടകരംഗത്തിൽനിന്നു മറഞ്ഞു. ആ മഹാന്റെ മരണവാർത്ത കാട്ടുതീപോലെ ഭാരതമാകമാനം പരന്നു. ഈ വ്യസനവാർത്ത ഭാരതീയരെ, പ്രത്യേകിച്ചു സാഹിത്യലോകത്തെ, തീരാദുഃഖത്തിലാഴ്ത്തി. അനേകശതം ജനങ്ങളുടെ ബാഷ്പധാരാപ്രവാഹമദ്ധ്യേ ആ വിശ്വമോഹന കവികോകിലത്തെ ബാദുഷാപള്ളിയുടെ തെക്കുഭാഗത്തുള്ള പ്രകൃതിരമണീയമായ പൂങ്കാവിലെ ഭൂഗർഭത്തിൽ നിക്ഷേപിച്ചു. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചു പണ്ഡിറ്റ് ജവഹർലാൽനഹ്റു ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. "ഇഖ്ബാലിന്റെ മരണം ഭാരതീയനഭസ്സിൽ ജാജ്ജ്വല്യമാനമായിരുന്ന ഒരു താരം അസ്തമിച്ചതിന്നു തുല്യമത്രേ.........".

സി. മുഹമ്മത്,
ജൂ ഇ. ക്ലാസ്സ്.

# ഗ്രാമത്തിനോട്.

ഗ്രാമമേ, ഭൂവിലെസ്സൌന്ദൎയ്യധാമമേ,
പ്രേമപ്രദായക ഗാനപ്രവാഹമേ,
ശാസ്ത്രപ്പിശാചിന്റെ പേക്കൂത്തുകാട്ടുവാൻ,
ശസ്ത്രപ്രയോഗ പ്രമുഖതകാട്ടുവാൻ,
എങ്ങുമിടംകൊടുക്കാത്തനിൻ സൌന്ദൎയ്യ —
മെന്നുംനശിക്കാതെ നിന്നിടുംനിൎണ്ണയം.
ഗ്രാമമേ നീയെന്നുമെന്നും പ്രകൃതിതൻ,
കാമ്യസങ്കേതമായ് തന്നെ വിളങ്ങിടും.
മൎത്ത്യന്റെകായികശക്തിക്കലക്ഷ്യമായ്,
ശില്പിതൻകെല്പിന്നുമൌലികചിഹ്നമായ്–
നില്ക്കുംനഗരത്തിനില്ലനില്പേറെനാൾ;
അല്പനാൾകൊണ്ടതുമണ്ണായ് ലയിച്ചുപോം.
എങ്കിലോവിശ്വൈകശില്പിതൻചാതുരി,
തങ്കക്കിരീടമണിഞ്ഞുവിളങ്ങുന്ന,
ഗ്രാമമേനിൻമാറിടത്തിലനശ്വര
കാമ്യസൌന്ദൎയ്യംസദാവിളയാടിടും.
കല്പാന്തകാലംവരേക്കുമവിച്ഛിന്ന–
കൎപ്പൂരധാരപോൽഗാനംപൊഴിക്കുന്ന–
കോകിലം, കീരം, മുതലാംശകുന്തളങ്ങ–
ളേകാന്തസൌഖ്യംവസിക്കുംവിഭവങ്ങൾ;
പാദപശീതളച്ഛായാസുശോഭിത–
മേദുരസൌന്ദൎയ്യസാന്ദ്രമാംദേശങ്ങൾ;
എന്നുമഭംഗമായോടിയൊഴുകുന്ന
കുന്നിൻകിടാങ്ങളാംകൊച്ചുസ്രവന്തികൾ,
അമ്മയാംകുന്നോടുയാത്രചോദിക്കുന്നാ
മൎമ്മരശബ്ദമുഖരമാംരംഗങ്ങൾ;
പഞ്ചവൎണ്ണശലഭത്തിനെക്കണ്ടിട്ടു,
പുഞ്ചിരിതൂകുന്നപൂച്ചെടിക്കൂട്ടങ്ങൾ;

UNIVERSITY LIBRARY,
10 OCT 1946
MADRAS.



Leader of
KERALA
ABDUR RAHIMAN

# മതവും മനുഷ്യജീവിതവും.

മതം എന്നതിന്നു് പല നിർവ്വചനങ്ങളും പല മഹാന്മാരും കല്പിച്ചിട്ടുണ്ടെങ്കിലും അതിന്റേയെല്ലാം സാരം, മനുഷ്യനിൽ അന്തർല്ലീനമായി കിടക്കുന്ന ഈശ്വരാംശത്തെ പ്രകാശിപ്പിക്കുവാനുള്ള ഒരു വഴി എന്നാകുന്നു.

ലോകത്തിൽ അനേകം മതങ്ങൾ ഉണ്ടെങ്കിലും അതിന്റെയെല്ലാം സങ്കേതം ഇന്ത്യയാണ്. ഹിന്ദുക്കൾ, മുഹമ്മദീയർ, ക്രിസ്ത്യാനികൾ, ബൌദ്ധന്മാർ, ജൈനന്മാർ, പാർസികൾ തുടങ്ങിയ നാനാജാതിമതസ്ഥന്മാരും ഇന്ത്യയിലുണ്ട്.

മതതത്വങ്ങൾ ആരാഞ്ഞു നോക്കുകയാണെങ്കിൽ മതങ്ങൾക്കു തമ്മിൽ ചില തത്വങ്ങളിൽ ഒരു സാമ്യം ഉണ്ടെന്നു കാണാം. ഹിന്ദുമതത്തിലെ ചില തത്വ-

കൊഞ്ചിക്കുഴഞ്ഞുകൊണ്ടാടിക്കളിക്കുന്ന,
ചെന്താമരപ്പൂ നിറഞ്ഞസരസ്സുകൾ;
പുഞ്ചകൃഷകന്റെനെഞ്ചകത്തോടൊത്തു,
ചാഞ്ചാടിയാടുന്ന നെൽചെടിക്കൂട്ടങ്ങൾ;
ഏവമവാച്യമാംസൌന്ദര്യസമ്പന്ന-
ഭാവങ്ങൾതിങ്ങുന്നഗ്രാമപ്രദേശമേ;
നീയെന്നുമെന്നും, പ്രകൃതിമാതാവിന്റെ,
നീരജഹസ്താവലംബിയായ് വാണിടും.
ഗ്രാമമേഗാനംപൊഴിയുന്നവൃക്ഷമേ,
രോമപ്രഹർഷകകോമളരംഗമേ,
പാടുന്നുനീസദാകോകിലത്തപ്പിയായ്,
ആടുന്നുനീതരുശാഖാസപത്രപിയായ്,
നിൻഹൃത്തിൽനിന്നുത്ഭവിക്കുംസരിത്തല്ല
സിന്ധുവിൽപോയിവിലയംവരിക്കുന്നു.
നിൻമാറിടത്തിൽവിളയുന്നവയല്ലെ,
മന്ദരാംനാഗരികന്മാർഭുജിപ്പതും.
എങ്കിലുമൊട്ടുമഹംഭാവമില്ലാതെ,
സങ്കോചമോടുനിശങ്കിച്ചുനില്ക്കുന്നു.
ഭാരതഭൂവിന്റെനാഡിയായ്മേവുന്ന,
ഗ്രാമമേനീസ്വയംസമ്പൂർണ്ണമല്ലയോ.
പട്ടണത്തെപ്പോൽപുകവമിച്ചീടുന്ന
ദുഷ്ടപ്പുകക്കുഴൽക്കൂട്ടമില്ലാത്തൊരു,
നിന്നന്തരിക്ഷമതീവമനോഹരം,
സുന്ദരസൂനസുഗന്ധസമ്മോഹനം.

പി. ടി. വിജയൻ (ജൂനിയർ ഇ.)

UNIVERSITY LIBRARY
10 OCT 194
MADRAS.

ങ്ങളെയാണ് അധികമതങ്ങളിലും മതതത്വങ്ങളായി സ്വീകരിച്ചുവരുന്നത്. വിവേകാനന്ദസ്വാമികൾ ഒരിക്കൽ പറയുകയുണ്ടായി—"ഒരു സമുദ്രത്തിൽ അനേകം നദികൾ വന്നു ചേരുന്നതുപോലെയാണ് ഹിന്തുമതത്തിൽ മററുള്ള മതങ്ങൾ വന്നു ചേരുന്നതെന്നു" അങ്ങിനെയാണെങ്കിൽ ഏതു മതത്തെ വിശ്വസിക്കുന്നവനായാലും അവന്നു ഒടുവിൽ പ്രാപ്യസ്ഥാനത്ത് എത്തുവാൻ സാധിക്കും.

മതവും ആചാരവും തമ്മിൽ വളരെ വ്യത്യാസങ്ങളുണ്ട്. ചിലർ ആചാരത്തിനെ മതമാണെന്നു തെററിദ്ധരിക്കുന്നു. ആചാരങ്ങൾ കാലത്തിന്നനുസരിച്ചു കോലം എന്നപോലെ മാറിയും മറിഞ്ഞും ഇരിക്കുന്നു. എന്നാൽ മതമോ അതിൻെറ പൂർവ്വികസ്ഥിതിയിൽതന്നെ ഇരിക്കുന്നു. എന്നാൽ ദുരാചാരങ്ങളെക്കൊണ്ട് മതം മൂടിയിട്ട് മങ്ങിക്കിടക്കുമ്പോഴാണ് അവയെ നീക്കം ചെയ്യുവാനായി പുണ്യപുരുഷന്മാർ ജനിക്കുന്നത്.

ഹിന്തുമതത്തിലെ ദുരാചാരമെന്ന് സാധാരണയായി പറയാറുള്ളത് "അയിത്തം"അല്ലെങ്കിൽ അസ്പൃശ്യത"യെയാണ്. ഹിന്തുമതത്തിൽ അസ്പൃശ്യതയെന്ന പദംതന്നെ എവിടെയും കാണുന്നില്ല. അതു സമുദായാംഗങ്ങളുടെ ഇടയിൽ കാലക്രമേണ ഉണ്ടായിത്തീൎന്നിട്ടുള്ള ഒരു ദുരാചാരം മാത്രമാണ്. പ്രാചീനകാലത്ത് ആൎയ്യന്മാർ അന്നത്തെ ചില സൌകൎയ്യങ്ങൾക്കായി ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ ശൂദ്രർ എന്നീ നാലു വിഭാഗങ്ങളായി ഹിന്തുക്കളെ തരംതരിച്ചിരുന്നുവെന്നും എന്നാൽ അവക്കു തമ്മിൽ യാതൊരു അസമത്വവും ഉണ്ടായിരുന്നില്ലെന്നുമാണ് ചരിത്രങ്ങളും വേദപുസ്തകങ്ങളും ഘോഷിക്കുന്നത്. ഇപ്പോഴും ചില ബ്രാഹ്മണരുടെ ഇടയിലുള്ള തെററിദ്ധാരണ ആ കുലത്തിൽ പിറന്നവരെല്ലാം ഉത്തമബ്രാഹ്മണരാണെന്നാണ്. എന്നാൽ ആർ സാത്വികകൎമ്മങ്ങൾ ചെയ്യുന്നുണ്ടോ, അവൻ ഏതു കുലത്തിൽ ജനിച്ചവനായാലും ശരി അവനാണ് ഉത്തമബ്രാഹ്മണൻ.

വേറൊരു തെററിദ്ധാരണ ഉള്ളത് ഹിന്തുക്കൾ അനേകം ദൈവങ്ങളെ ആരാധിക്കുന്നു എന്നതാണ്. ഹിന്തുമതഗ്രന്ഥങ്ങളിൽ പറയുന്നത് ഏകദൈവമേ ഉള്ളുവെന്നും എന്നാൽ ആ ദൈവം പല പേരുകളാൽ അറിയപ്പെടുന്നുവെന്നുമാണ്. പിന്നെ ആ സംശയത്തിന്നു അവകാശമില്ല.

ഇതേമാതിരി എല്ലാ മതങ്ങളിലും ചില ദുരാചാരങ്ങൾ കാണുവാൻ കഴിയുമെങ്കിലും (അവയെ ഇവിടെ വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല) അതിന്നു മതം ഉത്തരവാദിയല്ല. ചില മതങ്ങളിലെ ആളുകൾ മററു മതങ്ങളെ കുററം പറഞ്ഞ് നടക്കാറുണ്ട്. എന്നാൽ ഒരു മതത്തിലും ഇതു പറഞ്ഞിട്ടില്ലാത്തതിനാൽ ഇതിന്നു മതമല്ല വ്യക്തികളാണ് ഉത്തരവാദപ്പെട്ടവർ.

ചിലർ മതവും ഈശ്വരനുമൊന്നുമില്ല എന്നു പറഞ്ഞ് നടക്കാറുണ്ട്. ഇവിടെ തൎക്കശാസ്ത്രത്തിലെ ചില ന്യായങ്ങൾ ഉപയോഗിക്കേണ്ടിയിരിക്കുന്നു. എന്തെങ്കിലും ഒരു കാരണം ഉണ്ടെങ്കിൽ അതിന്നു ഒരു "കാൎയ്യ"വും ഉണ്ടായിരിക്കും. അപ്പോൾ എന്തെങ്കിലും ഒരു "കാൎയ്യ"മുണ്ടെങ്കിൽ അതിന്നു ഒരു കാരണം തീൎച്ചയായും ഉണ്ടായിരിക്കണം. അതുകൊണ്ട് പ്രപഞ്ചമെന്നൊരു "കാൎയ്യം" കാണുന്നത് നിമി

ത്തം അതിന്നു അടിസ്ഥാനമായി ഒരു കാരണം അല്ലെങ്കിൽ ഒരു പ്രത്യേകശക്തി ഉണ്ടായിരിക്കേണ്ടതാണ്. ഈ ശക്തിയെയാണ് ഈശ്വരൻ എന്നോ അള്ളാ എന്നോ പ്രകൃതി എന്നോ ഉള്ള നാമധേയത്താൽ അറിയപ്പെടുന്നത്. ഈ വസ്തുതതന്നെയാണ് എല്ലാമതങ്ങളുടേയും അടിസ്ഥാനം. മതമില്ല എന്നു പറയുന്ന ജീവിതത്തിൽ യാതൊരാദർശവും ഇല്ല എന്നു പറയുന്നതിന്റെ ഒരു പര്യായം മാത്രമാണ്.

മതത്തെ ജീവിതസമ്പ്രദായത്തിൽ പലവിധത്തിലുമായി ഉപയോഗിച്ചിരിക്കുന്നതായി കാണാം. ചില മതങ്ങളിൽ ആളുകൾ ബിംബങ്ങളെ ആരാധിക്കുക പതിവുണ്ട് എന്നാൽ ബിംബങ്ങളെ ആരാധിക്കണമെന്നുമില്ല. ഈ വക കാര്യങ്ങൾ ഓരോരുത്തരും അവരവരുടെ ഹിതമനുസരിച്ച് തീർച്ചപ്പെടുത്തേണ്ടതാണ്. എന്നാൽ ഒരാൾ ബിംബാരാധന ചെയ്യുന്നില്ല എന്നതുകൊണ്ട് ചെയ്യുന്നവരെ പഴിക്കേണമെന്നില്ല.

മതത്തിൽ മാത്രം വിശ്വസിച്ച് രാഷ്ട്രീയമായും സാമ്പത്തികമായും ഉള്ള മററു താൽപര്യങ്ങളെ അവഗണിച്ച് പ്രവർത്തിക്കുകാരണം ജനങ്ങളുടെ ഇടയിൽ മതംകാരണമായി പല കോളിളക്കങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് മതത്തിന്റെ കുററമല്ല, അത് വ്യക്തികൾ മതത്തെ ദുരുപയോഗപ്പെടുത്തുന്നതിന്റെ ഒരു പ്രകടനം മാത്രമാണ്. ഉത്തരേന്ത്യയിലേയും ദക്ഷിണേന്ത്യയിലേയും രണ്ടു വ്യക്തികൾ അവർ ഹിന്ദുക്കളോ മുസ്ലീംകളോ ആരായാലും ശരി, മതത്തിന്റെ പേരിലല്ല യഥാർത്ഥഭാരതീയർ എന്ന നിലക്കാണ് അവർ ബന്ധപ്പെട്ടിട്ടുള്ളത്. ഇങ്ങനെയിരിക്കെ മതത്തിന്റെ പേരിൽ ദേശീയത്വത്തെ ഇല്ലായ്മചെയ്ത് ജനങ്ങളെ കബളിപ്പിക്കുന്നത് ഒരു അബദ്ധം മാത്രമായിരിക്കും.

വെറും രാഷ്ട്രീയമായ കാര്യത്തെ മാത്രം മുൻനിർത്തി മതവും ദൈവവും ഇല്ലെന്നു വിചാരിച്ച് നടക്കുന്നവരുടെ കാര്യവും അവതാളത്തിലാണ്. ചില വ്യക്തികൾ ദേശീയൈക്യത്തിന്നുവേണ്ടി ഹിന്ദുമതത്തേയും ഇസ്ലാം മതത്തേയുമെല്ലാം കൂടി കൂട്ടി യോജിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇത് വലിയൊരബദ്ധം മാത്രമാണ്. ആളുകൾ ഏതു മതത്തെ വിശ്വസിക്കുന്നവരായാലുംശരി, ദേശീയമുന്നണിയിൽ പ്രവർത്തിക്കുമ്പോൾ ഒരു രാഷ്ട്രത്തിൽ ജീവിക്കുന്നവരാണെന്നുള്ള മനസ്ഥിതിയോടെയാണ് പ്രവർത്തിക്കേണ്ടതു്.

അവസാനമായി, രാജ്യതന്ത്രവും മതവും രണ്ടു സമാന്തരങ്ങളായ തണ്ടുവാളങ്ങൾ (Rails) പോലെയാണ് നാം കരുതേണ്ടത്. അല്ലാതെ അവരണ്ടുംകൂടി കൂട്ടി യോജിപ്പിക്കരുത്. കണക്കുശാസ്ത്രപ്രകാരം രണ്ടു സമാന്തരരേഖകൾ "ശൂന്യം" എന്ന സ്ഥലത്താണ് ചേരുന്നതു്. അപ്പോൾ മനുഷ്യജീവിതമാകുന്ന ആ തീവണ്ടി മതവും രാജ്യതന്ത്രവുമാകുന്ന രണ്ടു തണ്ടുവാളങ്ങളിൽകൂടി സഞ്ചരിച്ച് ദൈവത്തിന്റേയും വലിയ സ്വാതന്ത്ര്യത്തിന്റേയും മോക്ഷത്തിന്റേയും ഇരിപ്പിടമായ ആ അപരിച്ഛിന്നതയിൽ (Infinity) എത്തിച്ചേരുവാനായിട്ടാണ് നാം ഓരോരുത്തരും പ്രയത്നിക്കേണ്ടത്.

കാളിപുറയത്ത് കുമാരൻ (ജൂനിയർ ഇ.)

---

# ശവകുടീരം.

ഭാരതമണ്ഡലം പാലിച്ചഭൂപരിൽ
വീരനാം അക്ക്ബറിൻ കൊട്ടാരത്തിൽ
നന്ദനോദ്യാനസമമാകും പൂങ്കാവിൽ
സുന്ദരി ‘മംടസ്സു, പൂവറുക്കെ;
അന്തിമസൂര്യന്റെ ചെങ്കതിർതട്ടിയ-
പ്പൂന്തിങ്കൾ ശോഭതടാസ്യമാന്നു;
കാമക്കളരിപ്പയറററിഞ്ഞീടാത്ത
മീനങ്ങളാം ചെറുലോചനങ്ങൾ,
നീലാഭകോല്യമാവണ്ടിണപോലവെ
ആരാമവേദിയിൽ സഞ്ചരിപ്പൂ.
പല്ലവതുല്യമാം പാണിയാൽ പൂക്കൊട്ട-
മല്ലാക്ഷിയേന്തിയും പൂപറിച്ചും,
പുല്ലിന്നും വേദനതോന്നാത്ത ഭാവത്തിൽ
മെല്ലെ നടന്നവൾ പൊയ്കവക്കിൽ
കണ്ണാടിച്ചില്ലിൽ പതിച്ചുള്ള ചിത്രം പോൽ
വിണ്ണോർക്കും മോഹനമായ് ലസിക്കും
ഏണാക്ഷി തന്നുടെ ശോഭനവിഗ്രഹം
കാണാമപ്പൊയ്കയിൽ നോക്കുവോർക്ക്.

* * *

നിശ്ചലമായുള്ള കൃത്രിമപ്പൊയ്കയിൽ
സോത്സാഹം വീക്ഷിച്ചു നില്പാണവൻ
ഭാവനലോകത്തിലൊന്നിൽ ചരിക്കയാം
ഭാവിസാമ്രാട്ടാം കുമാരൻ ‘ഷാജി’
അല്ലെങ്കിൽ മാനസഭൂമിയിൽ ഷാജിഹാൻ
മെല്ലെ പണികയാം പ്രേമസൌധം.
ആക്കാണിപ്പൂവെന്നു ലീലയാൽ ചൊന്നവൻ
മൈക്കണ്ണിതൻ ചാരത്തെത്തും മുമ്പെ
പൂക്കളെ ഷാജിഹാൻ നേർക്കെറിഞ്ഞോതിനാൾ
‘സൂക്ഷിച്ചോ’ ഞാൻ ചൊല്ലും സമ്രാട്ടോട്!
ഒന്നുകിലായവനിച്ഛിച്ച പൂമാരി-
തന്നെയായീടാമിച്ചെയ്ത കൃത്യം.

* * *

ഇശ്ശുഭവേളതൻ സ്മാരകമല്ലെ നാ-
മാഗ്രയിൽ കാണും ‘ശവകുടീരം.’

എം. സ്വാമിനാഥ് (ജൂനിയർ)

UNIVERSITY LIBRARY.
10 OCT 1946
MADRAS.



ചെറുകഥ.

# കൈക്കൂലി.

:O:

I

ധനുമാസത്തിലെ ചന്ദ്രികാസുന്ദരമായ ഒരു രാത്രി പത്തുമണി കഴിഞ്ഞിട്ടും ഉറക്കം വരായ്കയാൽ കമലം തുറന്നിട്ടിരിക്കുന്ന ജാലകത്തിൽ കൂടെ പുറത്തേയ്ക്കു നോക്കിക്കൊണ്ടു നില്ക്കുകയാണ്. വയലിന്റെ മറുകരയിൽ അകലെയായി സ്ഥിതിചെയ്യുന്നതും ത്രിവർണ്ണപതാക പാറിക്കളിക്കുന്നതുമായ ഒരു ചെറു കെട്ടിടത്തിന്മേലായിരുന്നു അവളുടെ ദൃഷ്ടികൾ പതിഞ്ഞിരുന്നത്. ഇടക്കിടെ ആ യുവതിയിൽ നിന്നും പുറപ്പെട്ടിരുന്ന ദീർഘനിശ്വാസങ്ങൾ ഉള്ളിൽ തിങ്ങിയിരുന്ന വികാരങ്ങളുടെ ബഹിർഗ്ഗമനമാണെന്നൂഹിക്കാം.

പെട്ടെന്ന് വാതിൽ തള്ളിത്തുറന്ന് കുഞ്ഞുണ്ണിക്കുറുപ്പ് അകത്ത് പ്രവേശിച്ചു. "കമലം ഞാൻ ഇന്നുച്ചക്ക് പറഞ്ഞതൊന്നും നീ വിലവെച്ചില്ല. കൂടുതൽ ഗൌരവാവഹമായ ചില സംഗതികൾ പറവാനാണ് ഇപ്പോൾ വന്നത്. ശ്രദ്ധിച്ച് കേട്ടുകൊൾക." എന്നുപറഞ്ഞ് കുറുപ്പ് ഒരു കസേലമേൽ ഇരുന്നു. വെളിയിൽ നിന്നു ദൃഷ്ടിയെടുക്കാതെ കമലം പറഞ്ഞു "എനിക്ക് യാതൊന്നും കേൾക്കണ്ട. നിങ്ങൾ ദയവ്ചെയ്തു മുറിയിൽ നിന്നു പുറത്തു പോവുക".

കുറുപ്പ്:— "എന്താ നീ എന്നെ വല്ലാതെ ഭയപ്പെടുന്നപോലെ തോന്നുന്നു വല്ലോ. ഞാൻ..........."

മുഴമിക്കുന്നതിന്നുമുമ്പെ കമലം പറഞ്ഞു "എങ്ങനെ ഭയപ്പെടാതിരിക്കും! എന്റെ അച്ഛനെ നിങ്ങൾ കൊന്നു. അദ്ദേഹത്തിന്റെ സ്വത്തെല്ലാം അപഹരിച്ച് അമ്മയോ, കുടുംബമോ, ബന്ധുക്കളോ ഒന്നുമില്ലാത്ത എന്നെ അഗതിയാക്കിത്തീർത്തു പോരാഞ്ഞിട്ട് എപ്പോഴും ഇങ്ങനെ അലട്ടുകയും ചെയ്യുന്നു". അവളുടെ നയനങ്ങളിൽ നിന്നു അശ്രുകണങ്ങൾ അടന്നു വീഴുന്നുണ്ടായിരുന്നു.

കുഞ്ഞുണ്ണിക്കുറുപ്പ്:— എന്ത്! നിന്റെ അച്ഛനെ ഞാൻ കൊന്നുഎന്നൊ. നാട്ടിൽ വിഷജ്വരം പിടിച്ച് ആളുകൾ മരിക്കുന്നതൊക്കെ ഞാൻ കൊന്നിട്ടാണോ? ഗോപാലമേനോൻ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വത്തുക്കളും നിന്നെ രക്ഷിക്കേണ്ടുന്ന ഭാരവും എന്നെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് എല്ലാവക്കും അറിയാം".

കമലം:— ആ അറിവ് ശരിയല്ലെന്നാണ് ഞാൻ പറയുന്നത്.

കുറുപ്പ്:— (ഒരു കള്ളച്ചിരിയോടെ) കമലം, ഈ ദ്ദേഷ്യമാണ് നിനക്കു യോജിക്കാത്തതു. ഇങ്ങോട്ടു നോക്കൂ, കമലത്തിന്നു തരാൻ ഞാൻ ഒരു മാല കൊണ്ടുവന്നിരിക്കുന്നു.

കമലം:—"എനിക്കു നിങ്ങളുടെ മാലയും ചേലയും ഒന്നും വേണ്ട. വേഗം പുറത്തുപോയാൽ മതി." എന്നുപറഞ്ഞു കുറുപ്പിനെ കഠിനമായ വെറുപ്പോടുകൂടി ഒന്നു നോക്കി. കുറുപ്പിന്നു കലശലായി കോപംവന്നു. അയാൾ കസേലയിൽനിന്നു ചാടിയെഴുനേററു പല്ലുകടിച്ചുകൊണ്ടു പറഞ്ഞു. "എനിക്കു മനസ്സിലായി ആരെ ക

ണ്ടിട്ടാണ് നീ ഇത്ര അഹങ്കരിക്കുന്നതെന്നു. ആ മുറിമീശക്കാരൻ തെമ്മാടിയെ ഞാൻ കാണിച്ചുകൊടുക്കുന്നുണ്ട്. അവന്റെ നീളൻകുപ്പായവും ഗാന്ധിത്തൊപ്പിയുമെല്ലാം എന്റെ പണത്തിന്നു മുമ്പിൽ എത്രനേരം നില്ക്കുമെന്നു നിനക്കു വേഗം അറിയാറാവും" കുറുപ്പ് മുറിയിൽനിന്നു പോയശേഷം കമലം ശയ്യയിൽ വീണു.

കുഞ്ഞുണ്ണിക്കുറുപ്പ് കമലത്തിന്റെ അച്ഛനായ ഗോപാലമേനോന്റെ കാര്യസ്ഥനായിരുന്നു. മേനോൻ തന്റെ സകല സ്വത്തുക്കളും സ്വമേധയാ കുഞ്ഞുണ്ണിക്കുറുപ്പിന്നു കൊടുത്തതായി പറയപ്പെടുന്നുണ്ടെങ്കിലും വാസ്തവം അതല്ല. ഗോപാലമേനോൻ മരണശയ്യയിൽ കിടക്കുമ്പോൾ കുറുപ്പ് വ്യാജരേഖകൾ നിർമ്മിച്ച് അദ്ദേഹത്തിന്റെ മുതലെല്ലാം തന്റെ പേരിലാക്കിത്തീർത്തു. ഇപ്പോൾ കമലത്തിനെ തന്റെ പത്നിയാക്കുവാനായി രാപ്പകൽ പരിശ്രമിക്കുകയാണ്. കമലത്തിന്നു ഇക്കാലം പതിനേഴ വയസ്സുപ്രായമാണ്. അസാമാന്യമായ ശരീരകാന്തിയും അനിതരസാധാരണമായ സ്വഭാവഗുണങ്ങളും അവളെ അനുഗ്രഹിച്ചിരിക്കുന്നു.

II

മാധവമേനോനെ അറിയാത്തവരായി ആ പ്രദേശത്ത് ആരുമുണ്ടായിരുന്നില്ല. ബി. എ. പാസ്സായ ആ യുവാവ് ഗവർമ്മേണ്ടുദ്യോഗം തേടിനടക്കാതെ ദേശസേവനത്തിന്നായി കച്ചകെട്ടി ഇറങ്ങുകയാണുണ്ടായത്. മഹാത്മാഗാന്ധിയുടെ നിർമ്മാണപരിപാടി നടപ്പിൽ വരുത്തുന്നതിലാണ് ഇപ്പോൾ തന്റെമുഴുവൻ സമയവും വിനിയോഗിക്കുന്നത്. തീക്ഷ്ണമായ ബുദ്ധിശക്തിയും ആരേയും ആകർഷിക്കുന്ന സ്വഭാവവിശേഷവും നല്ല ദേഹസൗഭാഗ്യവുമുള്ള മേനോൻ നാട്ടുകാരുടെ മുഴുമൻ കണ്ണിലുണ്ണിയായിരുന്നു. എങ്കിലും മാധവമേനോന്ന് അസൂയാലുക്കളായ ചിലരുടെ വൈരത്തിന്നിടയാവാതിരിപ്പാൻ കഴിഞ്ഞില്ല അവരിൽ ഒരാൾ നമ്മുടെ കുഞ്ഞുണ്ണിക്കുറുപ്പായിരുന്നു. സൽസ്വഭാവിയും കാഴ്ചയിൽ അതിയോഗ്യനുമായ മാധവമേനോൻ കമലത്തിന്റെ പ്രേമത്തിന്നു പാത്രമായതാണ് കുറുപ്പിന്റെ വൈരത്തിന്നുള്ള കാരണം.

ഒരുദിവസം സായാഹ്നത്തിൽ മാധവമേനോൻ തന്റെ വീട്ടിലിരിക്കുമ്പോൾ പൊലീസ്സിൻസ്പെക്ടരും രണ്ടു കോൺസ്റ്റബിൾമാരും പടികടന്നു വരുന്നതു കണ്ടു. ഇടക്കിടെ വീടുപരിശോധന പതിവായിരുന്നതിനാൽ പൊലീസ്സിന്റെ ആഗമനോദ്ദേശം അതുതന്നെ ആയിരിക്കുമെന്ന് മാധവമേനോൻ ഊഹിച്ചു. എന്നാൽ തന്നെ അറസ്റ്റുചെയ്യുവാനാണ് അവർ വന്നിട്ടുള്ളതെന്നറിഞ്ഞപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടു.

മാധവമേനോൻ:— "എന്തു കുററത്തിന്നാണ് എന്നെ അറസ്റ്റ്ചെയ്യുന്നത്?".

ഇൻസ്പെക്ടർ:— "കളവുകുററത്തിന്ന്".

മാധവമേനോൻ:— (ആശ്ചര്യത്തോടെ) "ഞാൻ എന്താണ് കട്ടത്?"

ഇൻസ്പെക്ടർ:— അമ്പട രസിക, ഖദർ കുപ്പായമിട്ട് കക്കാൻനടന്നാൽ കണ്ടുപിടിക്കില്ലെന്നു വിചാരിച്ചു അല്ലെ. താൻ ഇയ്യിടെ കുഞ്ഞുണ്ണിക്കുറുപ്പിന്റെ വീട്ടിൽ പോകയുണ്ടായോ?.

മാ_ മേ:— 'ഉണ്ടായി'

ഇൻ:— എന്തിന്?

മാ_ മേ:— "ആവശ്യമുണ്ടായിരുന്നു."

ഇൻ:— 'ആവശ്യം, അദ്ദേഹത്തിൻെറ മേശയിൽനിന്നു പണം കക്കാൻ തന്നെ".

മാധവമേനോന്നു് ഇപ്പോഴാണ് വാസ്തവം വെളിവായതു്. കുഞ്ഞുണ്ണിക്കുറുപ്പിൻെറ അസൂയാകലുഷിതമായ മസ്തിഷ്കമാണ് തൻെറ മേൽ ആരോപിക്കപ്പെട്ട കുററത്തിൻെറ ഉത്ഭവസ്ഥാനമെന്നു് അദ്ദേഹത്തിന്നു മനസ്സിലായി. പോലീസുകാർ മാധവമേനോനേയുംകൊണ്ടു് സ്റ്റേഷനിലേക്കു് തിരിച്ചുപോയി.

III

മാധവമേനോനെ അറസ്റ്റുചെയ്ത വിവരംകേട്ടപ്പോൾ കമലത്തിൻെറ വദനം വ്യസനാധിക്യത്താൽ വെണ്ടപ്പൂപോലെ വിളർത്തുപോയി. പ്രിയതമനെ രക്ഷിക്കുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു അവൾ ഗാഢമായി ചിന്തിച്ചുനോക്കി. സകലമാർഗ്ഗങ്ങളും അപര്യാപ്തങ്ങളായിതോന്നി കാരാഗൃഹത്തിലെ ദുരിതങ്ങളെപ്പററി ആലോചിച്ചപ്പോൾ അവളുടെ ഹൃദയം നടുങ്ങിപ്പോയി കലങ്ങിമറിഞ്ഞ മനസ്സോടുകൂടിയാണ് അന്നവൾ ശയ്യാതലത്തിൽ വീണതു്. നിദ്രാദേവി അവളെ സമീപിച്ചതേയില്ല

കുറച്ചുകഴിഞ്ഞപ്പോൾ ഉമ്മറത്തുനിന്നുള്ള ഒരു സംഭാഷണം കമലത്തിൻെറ ചെവിയിൽ പതിച്ചു. "നാളെ പ്രഭാതത്തിന്നുമുമ്പ് ഈ എഴുത്തും സഞ്ചിയും അദ്ദേഹത്തിന്നു് എത്തിച്ചുകൊടുക്കണം കേട്ടോ" കുഞ്ഞുണ്ണിക്കുറുപ്പ് ഭൃത്യനായ രാമൻനായരോട് പറഞ്ഞവാക്കുകളായിരുന്നു അതു്. കമലം ചെവികൂർപ്പിച്ചുനിന്നു കേൾക്കുന്തോറും അവളുടെ ഹൃദയം ശീഘ്രമായിസ്പന്ദിച്ചുതുടങ്ങി.

പുലർച്ചക്കു മുമ്പെ രാമൻനായർ യജമാനൻെറ കല്പനനിറവേററാൻ പുറപ്പെട്ടു പടിവാതില്ക്കലെത്തിയപ്പോൾ ഒരാൾ പെട്ടെന്നു തടുത്തുനിർത്തി. "ആര്, കൊച്ചമ്മയോ? ഈ ഇരുട്ടത്തെന്തുകാര്യം ഇവിടെ?" എന്നു രാമൻനായർ അത്ഭുതത്തോടെ ചോദിച്ചു. "നിങ്ങളുടെ കയ്യിലുള്ള എഴുത്ത് ഇങ്ങോട്ടുതരു. പണം അദ്ദേഹത്തിന്നും കൊണ്ടുപോയി കൊടുത്തേയ്ക്കു" കമലം നാവിന്നു ചുവടെ പറഞ്ഞു. "അയ്യോ, യജമാനൻ അറിഞ്ഞാൽ എന്നെ കൊല്ലുമേ" എന്നു രാമൻനായർ തടസ്സം പറഞ്ഞുവെങ്കിലും ഒടുവിൽ അയാൾക്ക് കമലത്തിൻെറ നിർബ്ബന്ധത്തിന്നു കീഴടങ്ങേണ്ടിവന്നു. തൻെറ സ്നേഹശീലനായ പഴയയജമാനൻെറ പുത്രിയോട് രാമൻനായർക്ക് വാസ്തവത്തിൽ അതിരററ സ്നേഹവും വാത്സല്യവുമുണ്ടായിരുന്നു. അതുകൊണ്ടാണ് അയാൾ കമലം പറഞ്ഞതുപോലെ പ്രവർത്തിച്ചതു്.

IV

മാധവമേനോൻെറ മേൽ ചുമത്തപ്പെട്ടിട്ടുള്ള കേസ്സ് വിചാരണചെയ്യുന്ന ദിവസമായിരുന്നു. അന്ന് കോടതിയിൽ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. അന്യായഭാ

ഗത്ത് അനേകം സാക്ഷികളെ വിസ്തരിച്ചു. മാധവമേനോൻ കുഞ്ഞുണ്ണിക്കുറുപ്പിന്റെ വീട്ടിൽ വരുന്നത് കണ്ടവരും ചുററുപാടും നോക്കിക്കൊണ്ട് ഒരു മുറിയിലേക്ക് കടക്കുന്നത് കണ്ടവരും, മേശതുറക്കുന്നത് കണ്ടവരും, പടിയിറങ്ങിപ്പോകുന്നത് കണ്ടവരും എല്ലാം അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. കുഞ്ഞുണ്ണിക്കുറുപ്പിന്റെ പണത്തിന്റെ ശക്തിയാണ് അവരെ ഇതെല്ലാം കാണുവാൻ സഹായിച്ചത്. താൻ യാതൊരു കുററവും ചെയ്തിട്ടില്ലെന്നും ദൈവം മാത്രമാണ് തന്റെ സാക്ഷിയെന്നും മാധവമേനോൻ കോടതിയെ അറിയിച്ചു.

പെട്ടെന്ന് എല്ലാവരേയും അത്ഭുതപരതന്ത്രരാക്കുമാറ് കമലം അവിടെ പ്രവേശിച്ച് താൻ പ്രതിഭാഗത്തെ സാക്ഷിയാണെന്ന് പറഞ്ഞു. മനസ്സിലുള്ള അരിശവും ഭയവും പ്രതിഫലിക്കുകയാൽ കുഞ്ഞുണ്ണിക്കുറുപ്പിന്റെ മുഖം ഒരു പിശാചിന്റേതുപോലെയായിതീർന്നു. ശബ്ദകോലാഹലങ്ങൾക്കിടയിൽ കമലം ഉടുപ്പിന്നുള്ളിൽനിന്ന് ഒരു എഴുത്തെടുത്ത് ജഡ്ജിയുടെ മുമ്പിൽ വെച്ചു. മുറിനിശ്ശബ്ദമായപ്പോൾ ജഡ്ജി അത് ഇങ്ങിനെ വായിച്ചു

ശ്രീ.

“ഇൻസ്പെക്ടർ കുഞ്ചുപണിക്കർ അവർകൾക്ക് കക്കാടത്ത് കുഞ്ഞുണ്ണിക്കുറുപ്പ് എഴുതുന്നത്.

ഇരുനൂറ് ഉറുപ്പിക ഇതാ അയയ്ക്കുന്നു. താങ്കളുടെ സഹായത്തിന്ന് അത് മതിയായ പ്രതിഫലമാകയില്ലെന്ന് എനിക്കറിയാം. മാധവമേനോനെ രണ്ട്കൊല്ലത്തേക്ക് ശിക്ഷിച്ചാൽ നൂറുറുപ്പികകൂടി തരുന്നതാണ്. ജയിലിൽനിന്ന് വിട്ടുവന്നാൽ ഇതുപോലെ ഒന്നുകൂടി കുടുക്കുവാൻ ശ്രമിയ്ക്കുമല്ലോ. നമ്മോടു കളിച്ചാലുള്ള ഫലം ആ കഴുത അറിയട്ടെ. താങ്കളുടെ സഹായമല്ലാതെ എനിയ്ക്ക് യാതൊരു ആശ്രയവുമില്ല. ഗോപാലമേനോന്റെ കഥ കഴിച്ചകാര്യത്തിൽ താങ്കളുടെ സഹായമില്ലായിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും നാടുകടത്തപ്പെടുമായിരുന്നു. താങ്കളോട് ഞാൻ എന്നെന്നും നന്ദിയുള്ളവനായിരിയ്ക്കും.

എന്ന് വിധേയൻ കുഞ്ഞുണ്ണിക്കുറുപ്പ്.”

സി. നാരായണൻനായർ
സീനിയർ ഇൻറർമീഡിയററ്.

UNIVERSITY LIBRARY,
10 OCT 1948
MADRAS.



## NETAJI SUBHAS BOSE

"The task of liberating India is ours and ours alone. That responsibility we shall not cast on anybody else because that would be against our national honour."

# സുഭാസ് ചന്ദ്രബോസ്സ്.

സുഭാസ് ചന്ദ്ര ബോസ്സ് 1897 ജനവരി 23_നു കേൾവികേട്ട നിയമജ്ഞനായിരുന്ന ജാനകീനാഥബോസ്സിനും, പാർവ്വതീഭായിക്കും പുത്രനായി കട്ടക്കിൽ ജനിച്ചു. അനവധി ഭാരതീയമഹാന്മാരുടെ സവിത്രിയായ ബങ്കാളിന്നു തന്നെയാണ് ഈ ഭാഗ്യവും സിദ്ധിച്ചതു്.

1913 ൽ ബോസ്സ് മട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമാംവണ്ണം പാസ്സായി. ചെറുപ്പം മുതല്ക്കുതന്നെ ബോസ്സിന്നു ശ്രീരാമകൃഷ്ണപരമഹംസരുടേയും, വിവേകാനന്ദസ്വാമികളുടേയും ആദർശങ്ങളിൽ അതിയായ വിശ്വാസമാണ്. എഫ്. എ. പഠിക്കുന്ന കാലത്താണ് സുഭാസ് ഒരു ഇംഗ്ലീഷുപ്രൊഫസരോടു, വിദ്യാർത്ഥികളുടെ നേരെയുള്ള അയാളുടെ പെരുമാററത്തിൽ പ്രതിഷേധിച്ചു സധൈര്യം എതിർത്തു. പ്രൊഫസരോടു മാപ്പു ചോദിക്കുവാൻ കൂട്ടാക്കാത്തതിനാൽ ബോസ്സിന്നു രണ്ടു കൊല്ലത്തേക്കു പഠിപ്പു തുടരുവാൻ കഴിഞ്ഞില്ല. ഇതിൽനിന്നു ചെറുപ്പം മുതല്ക്കുതന്നെ അദ്ദേഹത്തിന്നുള്ള ആത്മാഭിമാനവും, ധൈര്യവും എത്രയാണെന്നു മനസ്സിലാക്കാമല്ലോ. ബി. എ. ബിരുദം നേടിയ ഉടനെതന്നെ ബോസ്സ് ഇംഗ്ലണ്ടിൽ പോയി ഐ. സി. എസ്സ്. പരീക്ഷ പാസ്സായി

### രാഷ്ട്രീയ രംഗത്തിൽ.

ബോസ്സിൻെറ ജീവിതത്തിന്നു വലിയൊരു മാററം സംഭവിച്ചതു് ഇക്കാലത്താണ്. ഗാന്ധിജിയുടെ ആഹ്വാനം കേട്ടു ഐ. സി. എസ്സ്. ഡിഗ്രി വലിച്ചെറിഞ്ഞു രാഷ്ട്രീയജീവിതത്തിൽ ദേശബന്ധു ചിത്തരഞ്ജൻ ദാസ്സിനോടൊപ്പം പ്രവേശിച്ചതു് ഈ കാലത്തിലാണ്. മർദ്ദിതരും, ദരിദ്രരും ആയ ഇന്ത്യയിലെ പാവങ്ങളുടെ അഭ്യുന്നതിക്കും, ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിന്നും വേണ്ടി പോരാടേണ്ടതു ഏതൊരു ഇന്ത്യക്കാരൻേറയും ഒഴിച്ചുകൂടാത്ത കടമയാണെന്നാണ് ബോസ്സ് വിചാരിച്ചതു്.

1920 ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന നിയമലംഘനത്തിൽ ബോസ്സിനെ എട്ടു മാസം കഠിനതടവിന്നു ശിക്ഷിക്കുകയുണ്ടായി. ഏറെ താമസിയാതെതന്നെ ബോസ്സ് പൊതുജനങ്ങളുടെ ഇടയിൽ തൻെറ സേവനംകൊണ്ടു പ്രഖ്യാതനായിത്തീൻ. 1924 ൽ ദേശബന്ധു ദാസ്സ് കല്ക്കത്താ മേയറായപ്പോൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തിരഞ്ഞെടുത്തതു ബോസ്സിനെയായിരുന്നു. 1924 ൽ ബോസ്സിനെ വീണ്ടും അറസ്റ്റ് ചെയ്തപ്പോൾ അദ്ദേഹത്തെ ബർമ്മയിലുള്ള മാണ്ഡലെ ജയിലിലാണ് പാർപ്പിച്ചതു. ബർമ്മയിലെ അത്യുഷ്ണവും, കഷ്ടപ്പാടും നിമിത്തം രോഗബാധിതനായിത്തീൻ. രോഗം മൂർദ്ധന്യദശയിലെത്തിയ സമയത്തുപോലും അദ്ദേഹം ഗവർമ്മേണ്ടിന്നു കീഴടങ്ങുവാൻ ഒരുങ്ങിയില്ല. ഇതിൽനിന്നുതന്നെ അദ്ദേഹത്തിൻെറ ദേശാഭിമാനം എത്രയാണന്നു മനസ്സിലാക്കാമല്ലോ. 1927 ലാണ് ബോസ്സിനെ വിട്ടയച്ചതു.

സെൻഗുപ്തയുടെ മരണംമൂലം ഒഴിവായിത്തീൻ കല്ക്കത്താ മേയർസ്ഥാനത്തേക്കു സുഭാസ്സ് ബാബുവിനെ ഏകകണ്ഠേന തിരഞ്ഞെടുത്തു. ഇതിൽനിന്നു അദ്ദേഹത്തിന്നു ജനങ്ങളുടെ മേൽ ഉള്ള സ്വാധീനശക്തി എത്രയാണെന്നു മനസ്സിലാക്കാവുന്നതാണ്. സെൻഗുപ്തയുടെ മരണശേഷം ബോസ്സ് ബങ്കാളിൻെറ നേതാവായി. 1932 ജനവരിയിൽ സുഭാസ്ബോസ്സിനെ നിയമലംഘനത്തിന്നായി വീണ്ടും അറസ്റ്റ് ചെയ്തു. 1933 ൽ സുഭാസ്ബാബുവിന്നു ജയിൽവാസംമൂലം നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുവാൻ വിയന്നയിലേക്കു പോകേണ്ടിവന്നു. ഈ യൂറോപ്പു പര്യടന

നം ഇന്ത്യയെ സംബന്ധിച്ചുള്ള യൂറോപ്യന്മാരുടെ അവിശ്വാസങ്ങളെ ഇല്ലാതാക്കു വാൻ ഉപകരിച്ചു.

ബോസ്സിൻെറ ആഗമനം ആപൽക്കരമാണെന്നു കരുതിയ ഗവമ്മേണ്ട് 1936_ൽ ഇന്ത്യയിൽ എത്തിയ ഉടനെതന്നെ അദ്ദേഹത്തെ അറസ്റ്റുചെയ്തു. ഇതിനെത്തുടന്നു 1936 മെയ് 10_ാംതു ഇന്ത്യയൊട്ടുക്കം നടന്ന പ്രതിഷേധപ്രകടനങ്ങൾകൊണ്ടുതന്നെ അദ്ദേഹത്തിന്നു പൊതുജനങ്ങളുടെ ഇടയിലുള്ള സ്ഥാനം എത്രയാണെന്നു മനസ്സിലാക്കാം.

1938_ൽ ഹരിപുരത്തുവെച്ചുനടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ബോസ്സിനെ അഖിലേന്ത്യാ കോൺഗ്രസ്സിൻെറ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ത്രിപുരിയിൽവെച്ചുനടന്ന സമ്മേളനത്തിൽ അദ്ദേഹത്തെ ഒരിക്കൽകൂടി അഖിലേന്ത്യാ കോൺഗ്രസ്സിൻെറ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കുകയുണ്ടായി.

തുടരെത്തുടരെയുള്ള ജയിൽവാസം ബോസ്സിനെ ഒരിക്കലും നിരാശനാക്കീട്ടില്ല. പൊതുജനങ്ങളെ വശീകരിക്കുന്നതിൽ അദ്ദേഹത്തിന്നുള്ള പ്രസംഗപാടവം അനന്യസാധാരണമാണ്. മഹാത്മാഗാന്ധിയുടെ സന്ധിമനോഭാവം അദ്ദേഹത്തെ തീണ്ടുകപോലും ഉണ്ടായിട്ടില്ല. ബോസ്സ് ഒരു തീവ്രവാദിയാണ്. സ്വാതന്ത്ര്യം നേടുന്നതിന്നു ഏതു വഴിയും സ്വീകരിക്കാമെന്നാണ് ബോസ്സിൻെറ അഭിപ്രായം.

അഭിപ്രായവ്യത്യാസംമൂലം കോൺഗ്രസ്സിൽനിന്നു രാജിവെച്ച "ഫോർവേർഡ് ബ്ലോക്ക്" എന്ന കക്ഷി ബോസ്സുരൂപീകരിച്ചതു് അടുത്തകാലത്തു നടന്ന ഒരു സംഭവമാണ്.

ഇങ്ങിനെയിരിക്കുമ്പോഴാണ് 1941 ജനവരിയിൽ ഇന്ത്യയിൽനിന്നു ബോസ്സ് പെട്ടെന്നു അപ്രത്യക്ഷനായതു്. താമസിയാതെതന്നെ ബോസ്സ് മലയയിൽ എത്തുകയും ബ്രിട്ടീഷുകാരാൽ അനാഥരായി വിടപ്പെട്ട ഇന്ത്യക്കാരുടെ ഇടയിൽ വിശ്രമമില്ലാതെ പരിശ്രമിച്ചതിൻെറ ഫലമായി അടിമയായ ഭാരതഭൂമിയെ മോചിപ്പിക്കുവാൻവേണ്ടി ഒരു സ്വയന്ത്രഇന്ത്യൻസേന രൂപീകരിക്കുകയും ചെയ്തു. "റാണി ഓഫ് ജാൻസി ബ്രിഗേഡു്" എന്ന പേരിൽ ഒരു സ്ത്രീസേനയും ബോസ്സ് രൂപീകരിക്കുകയുണ്ടായി.

ബോസ്സ് രൂപീകരിച്ച "ആസാദ് ഹിന്ദു" എന്നസ്വതന്ത്രഇന്ത്യൻ ഗവമ്മേണ്ടിന്നു ജമ്മനി, ജപ്പാൻ, ഇററലി തുടങ്ങിയ സ്വതന്ത്രരാഷ്ട്രങ്ങൾപോലും അംഗീകരണം നല്കിഎന്നുപറയുമ്പോൾ ബോസ്സിന്നും, ഇന്ത്യൻ ദേശീയസേനയ്ക്കും ലഭിച്ച നിലയും, വിലയും എത്രമാത്രമാണെന്നു ഊഹിക്കാമല്ലോ. കഴിഞ്ഞ 200 കൊല്ലത്തിന്നിപ്പുറം അടിമയായ ഇന്ത്യക്ക് ഒരു സ്വതന്ത്ര ഇന്ത്യൻസേനയും, ഗവമ്മേണ്ടും ഉണ്ടായതു ഇപ്പോൾമാത്രമാണ്. ഈ സ്വതന്ത്ര ഇന്ത്യൻഗവമ്മേണ്ടിൻെറ കീഴിൽ ബാങ്കുകളും കച്ചവടവുംനടന്നിരുന്നു. ബ്രിട്ടീഷുകാരോടു മാത്രമല്ല, വേണ്ടിവന്നാൽ ജപ്പാൻകാരോടും പൊരുതുവാൻ ഇന്ത്യൻദേശീയസൈന്യം ഒരുങ്ങിയിരുന്നു. അവർ അവസാനനിമിഷംവരെ ഭാരതഭൂമിയുടെ മോചനത്തിന്നായി പോരാടിയ വീരയോദ്ധാക്കളാണ്. ബോസ്സിനെതന്നെയാണ് ആ സ്വതന്ത്രഗവമ്മേണ്ടിൻെറ തലവനായും, ദേശീയസേനയുടെ സവ്വസൈന്യാധിപനായും തിരഞ്ഞെടുത്തതു്. ഇതിൽനിന്നു ഇന്ത്യൻദേശീയസൈന്യത്തിലെ അംഗങ്ങൾക്ക് "നേതാജി" യോടുള്ള ഭക്തി എത്രയാണെന്നു അനുമാനിക്കുന്നതാണ് നല്ലതു്.

പി. എ.ൻ. കൃഷ്ണമൂത്തി,

ആറാം ഫാറം.

ചെറുകഥ.

# ഒരു ഉചിതകൃത്യം.

1

അന്നു സൂറത്തിൽ എന്തോ ഒരു വലിയ കോലാഹലം നടക്കുകയായിരുന്നു. ഇടക്കിടെ വെടിപൊട്ടുന്ന ശബ്ദം കേൾപ്പാനുണ്ട്. ആ പട്ടണം ആകപ്പാടെ ഇളകി മറിഞ്ഞിരിക്കുന്നു. കുറച്ചുനേരം കഴിഞ്ഞതിന്നു ശേഷമാണ് ആളുകൾക്ക് ശിവജി സൂറത്താക്രമിച്ചിരിക്കുന്നു എന്നു മനസ്സിലായത്. ആ പട്ടണം വേഗത്തിൽ ശിവജിക്കധീനപ്പെട്ടു.

അക്കാലത്തു ശിവജിയുടെ വീര്യപരാക്രമങ്ങൾ എല്ലാവരേയും അമ്പരപ്പിച്ചിരുന്നു. മുഗളചക്രവർത്തിയായ ഔറംഗസീബ്, ബീജാപ്പൂർ സുൽത്താൻ മുതലായവർക്ക് ശിവജിയുട ശല്യംനിമിത്തം യാതൊരു പൊറുതിയുമില്ലെന്നായി. ബിജാപ്പൂർ സുൽത്താൻ തൻെറ പടനായകനായ അഫ്സുൽഖാൻെറ നേതൃത്വത്തിൽ ശിവജിയുടെ നേക്കയച്ച സൈന്യം കൃത്രിമത്താൽ തോല്പിക്കപ്പെട്ടു. ശിവജിയെ ഔറംഗസീബ് ചക്രവർത്തിയുടെ മുമ്പിൽ കെട്ടിക്കൊണ്ടുവരാം എന്നു വീരവാദം പറഞ്ഞുപോയ ഷേയ്സ്ത-ഖാൻ തൻെറ വിരൽ നഷ്ടപ്പെട്ടു, പരാജയത്തോടുകൂടിയാണ് മടങ്ങിയെത്തിയത്. ഈ വിജയത്തെ തുടന്നാണ് ശിവജി സൂറത്തിനെ ആക്രമിച്ചു കീഴടക്കിയത്. അക്കാലത്തു ഇംഗ്ലീഷുകാർ മുഗളചക്രവർത്തിമാരുടെ അനുവാദപ്രകാരം സൂറത്തിൽ വലിയ പാണ്ടികശാലകളും മററും നിർമ്മിച്ച്, ഇന്ത്യയുമായി കച്ചവടം ചെയ്തു ധാരാളം പണം സമ്പാദിച്ചിരുന്നു. സൂറത്തുപട്ടണം കീഴടക്കിയപ്പോടുകൂടി ഇംഗ്ലീഷുകാരുടെ പാണ്ടികശാലകളും ശിവജിക്കധീനപ്പെട്ടു. ഇംഗ്ലീഷുകച്ചവടക്കാരിൽ ഒരാളായിരുന്ന "പീററർ" വളരെ വിലപിടിച്ചതും, വിശേഷപ്പെട്ട രത്നങ്ങൾ പതിച്ചതും, തൻെറ പൂർവ്വികസ്വത്തും ആയ ഒരു സ്വർണ്ണച്ചങ്ങല, പാണ്ടികശാലകളുടെ കൂടെ നഷ്ടപ്പെട്ടതുകൊണ്ടു അത്യന്തം കുണ്ഠിതപ്പെട്ടു. സായ്പ് തനിക്കതു വീണ്ടുകിട്ടുവാൻ എന്താകുന്നു വഴിയെന്നാലോചിച്ചുനോക്കി. എന്നാൽ അയാൾക്കു യാതൊരു യുക്തിയും തോന്നിയില്ല. അയാൾ പലരിൽനിന്നും ശിവജിയുടെ സ്വഭാവഗുണങ്ങളെപ്പററി കേട്ടിരുന്നു. അതുകൊണ്ടു അയാൾ ശിവജിയുടെ അടുക്കൽ പോയി അപേക്ഷിച്ചാൽ ആ ചങ്ങല മടക്കിക്കിട്ടുമെന്നു ബോധപ്പെട്ടു.

പീററർ ശിവജിയുടെ വാസസ്ഥലത്തെത്തി. ശിവജിയുടെ ദീർഘനയനങ്ങളും വിരിഞ്ഞ മാറിടവും, ക്രൂരതയോടുകൂടിയുള്ള നോട്ടവും, വീരശ്രീ കളിയാടിയിരുന്ന മുഖഭാവവും സായ്പിനെ അത്യന്തം വിസ്മയിപ്പിച്ചു. അയാൾക്കു തൻെറ ചങ്ങല ലഭിക്കുമെന്നുള്ള ഉത്സാഹം ശിവജിയെ കണ്ടപ്പോൾ ദൃഢപ്പെട്ടു. ഏറെ താമസിയാതെ പീററർ തനിക്കുപററിയ നഷ്ടത്തെപ്പററി ആ മഹാരാഷ്ട്രനായകനോടുണർത്തിക്കുകയും അദ്ദേഹം ആ ചങ്ങല സായ്പിന്നു സന്തോഷത്തോടെ സമ്മാനിക്കുകയും ചെയ്തു. ഇതു കൂടാതെ കുറച്ചു ദിവസം തൻെറ അതിഥിയായി താമസിക്കേണമെന്നുകൂടി ആ മഹാനുഭാവനായ ശിവജി സായ്പിനോടു പറയുകയും ചെയ്തു. അതനുസരിച്ചു പീററർ അവിടെ കുറച്ചു ദിവസം താമസിക്കുവാൻ തീർച്ചപ്പെടുത്തി.

II

സമയം സന്ധ്യയാവാറായിരിക്കുന്നു. ഒരുദ്യാനത്തിലുള്ള ഒരു കൽത്തിണ്ണമേൽ പീററർ താടിക്കൊരു കൈകൊണ്ടു ഊന്നുകൊടുത്തു നിശ്ചഞ്ചലനായി ഇരിക്കുകയായി

രുന്നു. അസ്തമയ സൂര്യന്റെ അരുണകിരണങ്ങളേററു ആ ഉദ്യാനം പ്രശോഭിതമാക്കപ്പെട്ടു. പല നിറത്തിലുള്ള നാനാതരം കുസുമങ്ങളും പച്ചനിറത്തിലുള്ള ലതകളും നിറഞ്ഞ ആ ഉദ്യാനം ഏതൊരു നേത്രത്തിന്നാണാഹ്ലാദം നൽകാത്തതു്? മന്ദമാരുതൻ ചെടികളെ മന്ദംമന്ദം തലോടുന്നുണ്ടായിരുന്നു. പക്ഷികളുടെ കളനിസ്വനവും, കാററടിക്കുമ്പോഴുണ്ടായിരുന്ന ശബ്ദവുമല്ലാതെ അവിടെയുള്ള നിശ്ശബ്ദതയെ ഭഞ്ജിക്കുവാൻ അവിടെ യാതൊന്നുമുണ്ടായിരുന്നില്ല. ചിത്രശലഭങ്ങൾ കുസുമങ്ങളോടു കുശലപ്രശ്നം ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഇതൊന്നും സായ്പിന്റെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നില്ല. അയാൾ എന്തോ ഒരു ചിന്തക്കടിമപ്പെട്ടിരിക്കയാണ്. അയാൾ ഒരു സമയം താൻ ബാല്യകാലത്തിൽ ഇംഗ്ലണ്ടിൽ കഴിച്ചുകൂട്ടിയ വഷങ്ങളെപററിയായിരിക്കാം ആലോചിക്കുന്നതു്.

എന്തോ ഒരു ശബ്ദം! പീററർ ഞെട്ടിയെഴുനേററു പിന്നോക്കം തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാഴ്ച എന്തായിരുന്നു? ഏകദേശം അമ്പതു വാര ദൂരത്തായി ഒരാൾ നടന്നു വരുന്നുണ്ടായിരുന്നു അയാൾ അറിയാതെകണ്ടു ഖഡ്ഗപാണികളായ വേറെ നാലാളുകൾ അയാളെ അനുഗമിക്കുന്നുണ്ടായിരുന്നു. അയാൾ എന്തോ ഒരു ശബ്ദം കേട്ടു പിറകോട്ടു തിരിഞ്ഞുനോക്കിയപ്പോൾ തന്നെ അനുഗമിക്കുന്നവരെ കണ്ടു. അയാൾ തന്റെ വാളെടുത്തതും മററവർ അയാളുടെ നേക്കു ചാടിയതും ഒന്നായിക്കഴിഞ്ഞു. സായ്പ് തന്റെ തോക്കെടുത്തു അവരുടെനേക്കു പാഞ്ഞടുത്തു. വാളുകൾ തമ്മിൽ കൂട്ടിമുട്ടുന്ന ശബ്ദംകൊണ്ടു ആ ഉദ്യാനം മുഖരിതമായി. ഇതിനിടയിൽ "അയ്യോ" എന്നൊരാത്തനാദം പുറപ്പെടുകയും എതിരാളികളിലൊരുവൻ യമപുരിയിലേക്കയക്കപ്പെടുകയും ചെയ്തു. അവനെത്തുടന്നു വേറൊരുവനും കൂടി ആഗതന്റെ വാളിന്നിരയായി ശേഷിച്ച രണ്ടാളുകളിലൊരുവൻ ആഗതനെ കൊല്ലുവാനായി വാളുയത്തിയതും, സായ്പിന്റെ തോക്കിൽനിന്നു വെടിപൊട്ടിയതും ഒന്നായി കഴിഞ്ഞു. അവൻ അതോടുകൂടി ഗതപ്രാണനായി നിലംപതിച്ചു. ശേഷിച്ച എതിരാളി മരണഭയം നിമിത്തം വേഗം ആയുധംവെച്ചു കീഴടങ്ങി.

ആഗതന്റെ വാളിന്മേലുള്ള രക്തമെല്ലാം തുടച്ചുകളഞ്ഞു അതുറയിലിട്ടു. അദ്ദേഹം സായ്പിനെ നോക്കി ഒന്നു മന്ദഹസിച്ചു. അവരുടെ നേത്രങ്ങൾ പരസ്പരമിടഞ്ഞു. സായ്പ് അപ്പോൾ അവിടെകണ്ടതു ശിവജിയെ, അതേ, ഭാരതാംബയുടെ അ വീരസന്താനത്തെയല്ലാതെ മററാരേയുമായിരുന്നില്ല. ഇരുപേരും കുറച്ചുനേരം പരസ്പരം ബദ്ധാശ്ലേഷരായി സ്ഥിതിചെയ്തു. അതിന്നുശേഷം ശിവജി ഇപ്രകാരം സായ്പിനോടു പറഞ്ഞു, "അല്ലയോ സോദരാ, ഞാൻ അങ്ങയോടു എന്റെ ജീവനെ രക്ഷിച്ചതുകൊണ്ടുള്ള നന്ദി എങ്ങിനേയാകുന്നു പ്രകടിപ്പിക്കേണ്ടതു്?" ശേഷിച്ചവനിൽനിന്നു ശിവജിയെ ആക്രമിച്ചവർ പണം മോഷ്ടിക്കുവാനായി വന്ന ചില കള്ളന്മാരാണെന്നവക്കു മനസ്സിലായി.

അന്നു രാത്രി മററുള്ള മഹാരാഷ്ട്രപ്രമാണികളെ വിളിച്ചുവരുത്തി ശിവജി അന്നുണ്ടായ സംഭവങ്ങൾ വിവരിച്ചു പറയുകയും തന്നെ രക്ഷിച്ചതു പീററാണെന്നു പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. ഇതു കേട്ടപ്പോൾ അവർ പരസ്പരം മുഖത്തോടുമുഖം നോക്കി അത്ഭുതപരതന്ത്രരായി സ്ഥിതിചെയ്തു. ശിവജി സായ്പിനെ പലവിധ സമ്മാനങ്ങൾ നൽകി സന്തോഷിപ്പിച്ചയച്ചു.

ടി. നാരായണൻകുട്ടി.
ആറാം ഫോറം സി.

# ശാസ്ത്രജ്ഞാനാഭിവൃദ്ധി: അതൊരനുഗ്രഹമോ ശാപമോ?

ലോകത്തിൻെറ ഉത്ഭവം, വളച്ച് എന്നീ സംഗതികളെപ്പററി ക്രൂലങ്കഷമായി പര്യാലോചിക്കുന്നപക്ഷം ശാസ്ത്രജ്ഞാനത്തിന്നും മനുഷ്യസമുദായത്തിന്നും തമ്മിലുള്ള അഭേദ്യമായ ബന്ധം നമുക്ക് മനസ്സിലാക്കാൻ സാധിയ്ക്കുന്നതാകുന്നു. ലോകം ദൈനംദിനം പുരോഗമിച്ചുകൊണ്ടു ഇരിയ്ക്കുന്നു. മനുഷ്യരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നടക്കാനാവാത്തവിധം വദ്ധിച്ചുവരികയും ചെയ്യുന്നു. അവരുടെ ഉന്നമനമനസ്ഥതി വ്യോമമണ്ഡലത്തിൽ കൂടുതൽ ഉയർന്നുയർന്നു യാനംചെയ്യുകയും കോട്ടകൾ ചമയ്ക്കുകയും ചെയ്തുകൊണ്ടിരിയ്ക്കുന്നു. ഇങ്ങിനെ നവംനവങ്ങളായ ആവശ്യങ്ങളും ആദർശങ്ങളും, അഭിപ്രായങ്ങളും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ഈ ലോകത്തിൻെറ പുരോഗമനത്തിന്ന് ശാസ്ത്രജ്ഞാനം അവശ്യം ആവശ്യമാണെന്നുള്ളത് പകൽ വെളിച്ചംപോലെ പരമാത്ഥമായ ഒരു സംഗതിയാണ്.

ശാസ്ത്രജ്ഞാനം മനുഷ്യക്ക് ചെയ്തിട്ടുള്ള ഗുണങ്ങൾ അനന്തമാണ്. ഇന്നത്തെ ജീവിതസൌകര്യങ്ങളുടെ ഇത്ര മികച്ച സ്ഥാനത്തിന്ന് നാം ശാസ്ത്രജ്ഞാനത്തിനോട് എത്രമേൽ കടപ്പെട്ടവരാണെന്ന് പറഞ്ഞറിയിയ്ക്കുവാൻ പ്രയാസമാണ്. വെറും മരവുരിയുടുത്ത് പാകംചെയ്യാത്ത ഫലമൂലാദികൾ ഭക്ഷിച്ച് പുല്ലിലും പൂഴിയിലും മരക്കൊമ്പുകളിലും കിടന്നുറങ്ങിയിരുന്ന ആദിമനിവാസികളെവിടെ-ആശാസ്യമായ നിലയിൽ പാകംചെയ്ത സ്വാദുക്കളായ ഭക്ഷണപാനീയങ്ങൾ സമൃദ്ധിയായിചെലുത്തി പട്ട് തുടങ്ങിയ മൃദുലങ്ങളായ തുണികൾകൊണ്ട് പരിഷ്കൃതരീതിയിൽ തുന്നിയുണ്ടാക്കിയ വസ്ത്രങ്ങൾ ധരിച്ച്, വൈദ്യുതപങ്കകളുടെ കീഴിൽ പട്ടുമെത്തകളിലും സോഫകളിലും ശയിച്ച് സുഖിച്ചു വാഴുന്ന ഇന്നത്തെ പരിഷ്കൃതജനങ്ങളെവിടെ! അത്ഭുതജനകമായ ഈ താരതമ്യചിന്തനത്തിന്നിടവരുത്തിയത് ശാസ്ത്രജ്ഞാനാഭിവൃദ്ധിയല്ലെങ്കിൽ മററെന്താണ്? പുരാതനകാലങ്ങളിലെ യാത്രാസൌകര്യങ്ങളെക്കുറിച്ചൊന്നാലോചിയ്ക്കുക. മനുഷ്യപാദങ്ങളല്ലാതെ യാതൊരു വാഹനങ്ങളുമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നില്ലേ? ക്രമേണ മനുഷ്യർ വലിച്ചോടുന്ന വാഹനങ്ങളുണ്ടായി. പിന്നീട് ചെറുതരം ആവിയന്ത്രങ്ങളും മററും അവയുടെ സ്ഥാനം കരസ്ഥമാക്കി. ഇന്നാകട്ടെ മികച്ചനിലയിലുള്ള ആവിയന്ത്രങ്ങൾ ത്വരിതഗമനംചെയ്യുന്ന മോട്ടോർ വാഹനങ്ങൾ, ആകാശഗമനത്തിന്നുപകരിയ്ക്കുന്നവ്യോമയന്ത്രങ്ങൾ, പുരാതനകാലത്തെ നൌകകളെവെല്ലുവിളിയ്ക്കുന്ന വമ്പിച്ച ജലയാനപാത്രങ്ങൾ, വൈദ്യുതതീവണ്ടികൾ, ട്രാമുകൾ എന്നിവ വരുത്തിച്ചേത്തിട്ടുള്ള യാത്രാസൌകര്യങ്ങൾ തെല്ലൊരു തലകറങ്ങലോടുകൂടിയല്ലാതെ ഓമ്മിക്കുവാൻ എതൊരുത്തന്നും അസാദ്ധ്യമായിരിയ്ക്കും. എന്നാൽ ഇതിൻെറയെല്ലാം ഉത്ഭവം എവിടെനിന്ന്? ശാസ്ത്രജ്ഞാനത്തിൽ മനുഷ്യന്ന് വന്നുചേന്നിട്ടുള്ള അഭിവൃദ്ധിയിൽ നിന്നുതന്നെ.

ശാസ്ത്രജ്ഞാനാഭിവൃദ്ധി മനുഷ്യലോകത്തിന്ന് ഒരനുഗ്രഹമാണെന്നുള്ളതിന്ന് ഒരുത്തമദൃഷ്ടാന്തമാണ് ഇന്നത്തെ വാത്താവിതരണ പദ്ധതി. കേവലം കുറച്ച് നാഴികകൾ മാത്രം ദൂരസ്ഥമായ മനുഷ്യരെ ഒരു വിവരമറിയിയ്ക്കാൻകൂടി പ്രയാസ

മായ ഒരു കാലത്തിൽ നിന്നും നാമിന്നെവിടെയെത്തിയിരിയ്ക്കുന്നു. ആറായിരത്തില ധികം നാഴിക ദൂരമുള്ള ലണ്ടനിൽനിന്നും ഏതാനും മണിക്കൂറുകൾകൊണ്ട് ഒരുവി വരം ഇന്ത്യയിലെത്തിയ്ക്കുവാൻപകരിയ്ക്കുന്ന ഇന്നത്തെ കമ്പിയില്ലാക്കമ്പി, കമ്പി ത്തപ്പാൽ, കേബിൾ പദ്ധതി എന്നിവ ശാസ്ത്രജ്ഞാനത്തിൻെറ സന്താനങ്ങൾ തന്നെ യാണ്. ദൂരഭാഷിണി ഉച്ചഭാഷിണി എന്നിവയും ശാസ്ത്രജ്ഞാഭിവൃദ്ധിയുടെ ഫലങ്ങ ൾ തന്നെയാണ്. മനുഷ്യൻെറ സുഖത്തിന്നുവേണ്ടി മാത്രം ഉപയോഗിക്കുന്ന പല നവീനോപകരണങ്ങളും ശാസ്ത്രം ലോകത്തിന്ന് പ്രദാനം ചെയ്തിട്ടുണ്ട്. സ്വനഗ്രാ ഹി, വൈദ്യുതവിളക്കുകൾ, വൈദ്യുതപങ്കകൾ എന്നിവ ഈ ഇനത്തിൽ ഏററവും പ്രധാനപ്പെട്ടവയാണ്. പ്രക്ഷേപണം ആധുനികശാസ്ത്രജ്ഞാനത്തിൻെറ ഒരു വമ്പി ച്ച നേട്ടംതന്നെയാണ്. ഇതും ഇതിനോടനുബന്ധിച്ച ചലൽചിത്രവും മനുഷ്യ ൻെറ സുഖത്തിന്നും അതേസമയത്ത് ലോകജ്ഞാനാഭിവൃദ്ധിയ്ക്കും സഹായിയ്ക്കുന്ന വയാകുന്നു.

ഇന്നത്തെ വ്യവസായാഭിവൃദ്ധിയ്ക്കും ശാസ്ത്രജ്ഞാനാഭിവൃദ്ധിതന്നെയാണ് ഒന്നാമത്തെ കാരണം. മനുഷ്യകരങ്ങൾകൊണ്ടുമാത്രം നടത്തിയിരുന്ന വ്യവസായ ങ്ങൾ ഇന്നുവളരെ ക്ഷീണിച്ചുപോയി. പട്ടണമാകെ ഞെട്ടിക്കുന്നശബ്ദവും ലോകരെ ശ്വാസം മുട്ടിയ്ക്കുന്ന ധൂമവും ഉണ്ടാക്കുന്ന വമ്പിച്ച യന്ത്രശാലകൾ നടത്തുന്ന വ്യവ സായം ഇന്ന് അവയുടെ സ്ഥാനം കൈക്കൊണ്ടു. ജീവിയ്ക്കുവാനിതാണ് നല്ല മാർഗ്ഗ മെന്നറിഞ്ഞു് ജനങ്ങൾ യാന്ത്രികവ്യവസായങ്ങളിൽ ജ്ഞാനം സമ്പാദിച്ചു തുടങ്ങി. അങ്ങിനെശാസ്ത്രം വിദ്യാഭ്യാസാഭിവൃദ്ധിയ്ക്കും ഒരു കാരണമായിത്തീർന്നു. ഇന്നത്തെപ രിഷ്കരിച്ച രീതിയിലും ഈ വിദ്യാഭ്യാസപദ്ധതിയും സാങ്കേതിക പരിശീലനങ്ങളും മററും ശാസ്ത്രജ്ഞാനാഭിവൃദ്ധിമൂലം പുരോഗമിയ്ക്കുന്ന ലോകത്തിനോടൊന്നിച്ച് ചരിയ്ക്കുവാൻവേണ്ടപ്രാപ്തിയും പ്രാവീണ്യവും മനുഷ്യനുണ്ടാക്കിക്കൊടുക്കാൻ മാത്രം ഉണ്ടാക്കപ്പെട്ടവയാകയാൽ വിദ്യാഭ്യാസവിഷയത്തിൽ മനുഷ്യനു വന്നുചേർന്ന സക ല ഉയർച്ചകളുടേയും അടിസ്ഥാനം ശാസ്ത്രമാണെന്നുതന്നെ വേണം പറയുവാൻ. ഇ ങ്ങിനെ ശാസ്ത്രജ്ഞാനാഭിവൃദ്ധി മനുഷ്യന്ന് പല വിധത്തിലും ഒരനുഗ്രഹമായിത്തീ ർന്നിട്ടുണ്ടെന്ന് നമുക്ക് കാണുവാൻ കഴിയും.

ഇനി ശാസ്ത്രജ്ഞാനാഭിവൃദ്ധിമൂലം ഉണ്ടായിട്ടുള്ള ദോഷങ്ങളെക്കുറി ച്ചൊന്നാലോചിക്കുക. സർവ്വപ്രധാനമായി മനുഷ്യൻെറ ആദ്ധ്യാത്മികമായ ഉയർച്ച യെ അത് ബലമായി പ്രതിരോധിയ്ക്കുന്നുവെന്നുതന്നെ പറയാം. നശീകരണത്തിന്നു പകരിയ്ക്കുന്ന യന്ത്രസാമഗ്രികൾ കയ്യിൽവെച്ചുകൊണ്ട് ഉന്നമനേച്ഛുവായ ഒരു ജനത മൌനം അവലംബിക്കുക എന്നത് വിചാരിയ്ക്കുപോലും വയ്യ. ഈ ഉപകര ണങ്ങൾകൊണ്ടു പ്രബലനായിത്തീർന്ന ഒരുവൻ തൻെറ യഥാർത്ഥസ്ഥിതിമറക്കുന്നു; പരദ്രവ്യം കാംക്ഷിയ്ക്കരുതെന്ന വാക്യം വിസ്മരിയ്ക്കുന്നു; സമസൃഷ്ടികളോടും സ്വസ ഹോദരങ്ങളോടുപോലുമുള്ള തൻെറ കടമ അവൻെറ ബുദ്ധിയോട് വിട ചോദി യ്ക്കുന്നു. സ്വപ്നരിലും വെച്ചു പ്രബലനായിത്തീരണമെന്ന ആഗ്രഹം അവൻെറ മന

സ്സിൽ കുടികൊള്ളുന്നു. അങ്ങിനെ അവൻ ഒരു ദുർമ്മോഹിയും അക്രമിയും ആയിത്തീരുന്നു. അവസാനം അവൻ തന്റെ നശീകരണശക്തി പ്രയോഗിച്ച് തന്റെ ഉയർച്ചയ്ക്ക് കാരണമായവരെപ്പോലും നശിപ്പിക്കുന്നു. ഇതിലധികം ആത്മീകമായി മനുഷ്യൻ അധഃപ്പതിയ്ക്കുകയെന്നത് സംഭാവ്യമാണോ?

രണ്ടാമതായി ലോകസമാധാനം നാമമാത്രാവശേഷിതമായിത്തീരുവാനുള്ള മുഖ്യകാരണം മനുഷ്യന്റെ ശാസ്ത്രജ്ഞാനാഭിവൃദ്ധി ഒന്നു മാത്രമാണ്. അന്യോന്യധാരണയോടും, സമസൃഷ്ടിസ്നേഹത്തോടും, ഈശ്വരഭയത്തോടും, സത്യബോധത്തോടും, കൃത്യനിഷ്ഠയോടും കൂടിനമ്മുടെ പൂർവികന്മാർ കാലം കഴിച്ചുപോന്ന ആ ദിനങ്ങൾ എത്ര സമാധാനപരങ്ങളായിരുന്നു! ഹൃദയാവർജ്ജകങ്ങളായ ആ സുദിനങ്ങൾ ഇങ്ങിനിവരാതവണ്ണം ഭൂമുഖത്തിൽനിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞു. സ്വപ്നതുല്യമായ അവയുടെ ഓർമ്മയെങ്കിലും നമുക്ക് സന്തോഷംതരുമെങ്കിൽ നാം ചരിതാർത്ഥരായി. ആഗ്രഹം വർദ്ധിച്ചതോട്കൂടി സമാധാനം ക്ഷയിച്ചുതുടങ്ങി. കൊലയും, കൊള്ളയും, ചതിയും, വഞ്ചനയും വർദ്ധിച്ചുവന്നു. മനുഷ്യന്റെ ക്രൂരബുദ്ധിയ്ക്ക് സഹായമാംവണ്ണം ശാസ്ത്രം അവന്ന് കുറെ ഭയങ്കരനശീകരണ യന്ത്രങ്ങളും നൽകി. അവ അതിരില്ലാതെ ഉപയോഗിയ്ക്കുവാൻ മനുഷ്യന്റെ കൈകൾ മടിച്ചില്ല. ഇത്തരം രാഷ്ട്രങ്ങൾ ചെറുരാജ്യങ്ങളെ വിഴുങ്ങി. വമ്പിച്ചരാഷ്ട്രങ്ങൾ ഇടത്തരം രാഷ്ട്രങ്ങളെ കീഴടക്കി. ഇങ്ങിനെ ശക്തി ശക്തിയോടുമല്ലടിച്ചു. ആഗ്രഹം ആഗ്രഹത്തിനെ വെല്ലുവിളിച്ചു. സകല രാജ്യങ്ങളും ശാസ്ത്രത്തിന്റെയും ശാസ്ത്രജ്ഞന്മാരുടേയും തണലിൽ രക്ഷ തേടി. അങ്ങിനെ ഒന്നാം ലോകമഹായുദ്ധവും ലോകചരിത്രത്തിൽ രക്തലിപികളാൽ അങ്കിതമായി. എന്നിട്ടും തീർന്നിട്ടില്ല ദുർമ്മോഹികളുടെ സാമ്രാജ്യദാഹം.

ശാസ്ത്രീയഗവേഷണങ്ങളുടെ സന്താനങ്ങളിൽ ഒന്നാണ്ബോമ്പ്. അത് ഇന്ന് വരുത്തിക്കൂട്ടിയിട്ടുള്ള ജനനാശവും ധനനഷ്ടവും എഴുതിയോ പറഞ്ഞോ അറിയിയ്ക്കുക അസാദ്ധ്യമത്രേ. ജപ്പാനിലെ ചില പട്ടണങ്ങളിൽ കുറച്ചു ജനങ്ങൾ മാത്രമേ ബാക്കിയുള്ളു. യുദ്ധംചെയ്യുന്ന ഭടന്മാർമാത്രമല്ല കേവലം നിരപരാധികളായ സാധാരണക്കാരും കോടിക്കണക്കിൽ മരിയ്ക്കേണ്ടിവന്നത് എത്ര ഭയങ്കരം! ക്രമത്തിൽ ടോർപ്പിഡോ, യു. ബോട്ട്, വിഷവാതകം, ടിയർഗാസ് എന്നിവ രംഗപ്രവേശം ചെയ്തു. ഇവയുടെയെല്ലാം രംഗസംവിധാന വിദഗ്ദ്ധമാണ് മനുഷ്യന്റെ ശാസ്ത്രജ്ഞാനാഭിവൃദ്ധി. അവയും അവയാലാകുന്ന നാശനഷ്ടങ്ങൾ വരുത്തിക്കൂട്ടി, തീർന്നിട്ടില്ല എന്നിട്ടും! അവസാനമായി അതാ 1945 അവസാനത്തിൽ ബോമ്പുകളിൽ മികച്ച പരമാണുബോമ്പും പ്രത്യക്ഷമായി. ജപ്പാനിലെ ഹിറോഷിമ നാഗസാക്കി പട്ടണങ്ങളിൽ ഓരോററ ആററം ബോമ്പു വരുത്തിച്ചേർത്ത ഭയങ്കര നാശങ്ങൾ വിവരിച്ചുകേൾക്കുന്നതുപോലും ഒരു ഹൃദയമുള്ള മനുഷ്യന്ന് അസാദ്ധ്യമായിരിയ്ക്കും. ഈ വക നശീകരണോപകരണങ്ങളുടെ പ്രയോഗം നിയന്ത്രിക്കുവാൻ ചെയ്തു വരുന്നശ്രമം ഫലപ്രദമായാൽ മാത്രമേ സമാധാനപ്രിയരായ ജനങ്ങൾക്ക് ഇനി ഈലോകത്തിൽ സ്ഥാനമുള്ളു.

ശാസ്ത്രം വ്യവസായത്തിൽ വരുത്തിക്കൂട്ടിയ അഭിവൃദ്ധി കുടിൽവ്യവസായങ്ങളേയും മററം വല്ലാതെ അലങ്കോലപ്പെടുത്തി. വമ്പിച്ചതോതിൽ മൂലധനം നിക്ഷേപിച്ചു യാന്ത്രികവ്യവസായം നടത്തുവാൻ പ്രാപ്തിയില്ലാത്ത പല രാജ്യങ്ങളും വല്ലാത്ത കുഴക്കിലായിട്ടുണ്ട്. കൈത്തൊഴിൽ കൊണ്ട് മാത്രം ജീവിയ്ക്കുന്ന ജനങ്ങൾ പട്ടിണിയിലും രോഗത്തിലും പെട്ട് കഷ്ടപ്പെട്ടുതുടങ്ങി ഈ വിഷയത്തിൽ ശാസ്ത്രജ്ഞാനാഭിവൃദ്ധി സാധുക്കളുടെ ഒരു ശത്രുവായിത്തീൎന്നു.

ഇങ്ങിനെ നോക്കുമ്പോൾ ശാസ്ത്രം ഒരനുഗ്രഹവും അതേസമയത്ത് ശാപവുമാണെന്നു കാണാം. എങ്കിലും തങ്ങളുടെ വിവേകബുദ്ധി കുറച്ചൊന്നുപയോഗിയ്ക്കുന്ന പക്ഷം മനുഷ്യൎക്ക് ഇതിൽനിന്നുണ്ടാകുന്ന ദോഷങ്ങളെ വിജയകരമായി തടുക്കുവാൻ സാധിയ്ക്കുമെന്നാണ് എന്റെ അഭിപ്രായം. ശാസ്ത്രജ്ഞാനം മനുഷ്യന്ന് അത്യാവശ്യമാണ്. എന്നാൽ അതിന്റെ ദോഷങ്ങളെ പരിഹരിയ്ക്കുവാൻ ആത്മജ്ഞാനവും അവശ്യം ആവശ്യമത്രേ. അനിയന്ത്രിതമായ ശാസ്ത്രജ്ഞാനം അനിഷ്ടപ്രദമാണ്. അതിന്റെ വികൃതികളിൽ ലോകസമാധാനം കുരങ്ങനു കിട്ടിയ പൂമാലപോലെ ഛിന്നഭിന്നമാകും. അതിനാൽ ആത്മജ്ഞാനം കൊണ്ടും വിവേകബുദ്ധികൊണ്ടും നാം ശാസ്ത്രജ്ഞാനത്തെ നിയന്ത്രിയ്ക്കണം. അതിന്റെ ദോഷങ്ങളെ പരിഹരിയ്ക്കണം. എന്നാൽ ശാസ്ത്രജ്ഞാനാഭിവൃദ്ധി ലോകത്തിന്നു ഒരനുഗ്രഹം മാത്രമായിത്തീരുന്നതാണ്. അല്ലെങ്കിൽ,

നൂതനസംസ്കാരങ്ങളായിരമായിരങ്ങ–  
ളീധരയിങ്കൽനിത്യമുയൎന്നുവന്നാൽപോലും  
കാൎയ്യമില്ലഹോ നമ്മളന്യത്ര മനുജരെ–  
സ്സോദരഭാവാൽകണ്ടു് സൌഹാൎദ്ദംപുലൎത്തായ്കിൽ.

അതിനാൽ ശാസ്ത്രജ്ഞാനത്തെ മനുഷ്യന്നനുഗ്രഹമാക്കാൻ നമ്മുടെ വിവേകം ഉപകരിയ്ക്കട്ടെ!

കെ. ബാലകൃഷ്ണമേനോൻ,  
(സീനിയർ ഇന്റർ)

# സാഹിത്യവും ജീവിതവും.

"കലകലയ്ക്കു വേണ്ടി" എന്ന വാദം പ്രബലപ്പെട്ടുവന്നിരുന്നകാലത്ത് സാഹിത്യവും സാഹിത്യത്തിന് വേണ്ടിത്തന്നെയാണ് നിലകൊള്ളുന്നതെന്നുള്ള അഭിപ്രായവും തഴച്ചുവളരുകയുണ്ടായി. എന്നാലിന്നത്തെ ജീവിതത്തിൽ ആ അഭിപ്രായത്തിന്ന് പ്രസക്തിയില്ലെന്ന് പറയുന്നത് അതിശയോക്തിയായിരിയ്ക്കില്ല; തീർച്ച തന്നെ.

ലോകം കാലഃത്തൊടൊപ്പം അതിവേഗം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. അപ്രതിഹമായ ഈ പുരോഗതിയിൽ കാലത്തിനെ അനുധാവനം ചെയ്യാനേ മനുഷ്യന് കഴിവുള്ളൂ. മനുഷ്യന്റെ ആശയങ്ങളും അഭിപ്രായങ്ങളും ഈ പുരോഗമനം മൂലമായി അടിയ്ക്കടി മാറിക്കൊണ്ടേയിരിക്കുന്നു. ഈ മാററങ്ങളുടെകൂട്ടത്തിൽ സാഹിത്യത്തിന്റെ ഗതിയ്ക്കും ഗണ്യമായ ഒരു മാററം സംഭവിച്ചിരിക്കുന്നു.

സാഹിത്യം അതിന്റെ മുമ്പിൽത്തുറന്നുകിടക്കുന്ന രണ്ടുമാർഗ്ഗങ്ങളാണു പ്രധാനമായികാണുന്നത്. ഒന്ന് സുഖത്തിന്റേയും സംസ്കാരത്തിന്റെയും ജ്ഞാനത്തിന്റേയും ഏകികൃതമായ ഒരു സുഗമപന്ഥാവാണ്. മറേറതാകട്ടെ അസംസ്കൃതവും, അജ്ഞതാജടിലവും, ദുഃഖപൂർണ്ണവുമായ ഒരു ദുർഗ്ഗമമാർഗ്ഗമാണ്. ഇതിലേതു് തിരഞ്ഞെടുക്കേണമെന്ന് സാഹിത്യംതന്നെ തീർച്ചപ്പെടുത്തേണ്ട ഒരു പ്രശ്നമാണ്. ഒരു പുറത്ത് സുഖസംസ്കാരജ്ഞാനങ്ങളുടെ ഉത്തുംഗസോപാനത്തിൽനിന്നു ഒരുക്കൂട്ടർ കേവലം വിനോദത്തിന്നായി സാഹിത്യത്തെ മാടിവിളിക്കുന്നു. മറുപുറത്ത് അജ്ഞതയുടെയും, സംസ്കാരാഭാവത്തിന്റേയും, വ്യഥയുടേയും, ചീഞ്ഞളിഞ്ഞ ദുർഗ്ഗന്ധംവമിക്കുന്ന, അഗാധഗർത്തങ്ങളിൽനിന്നു തങ്ങളെ രക്ഷിക്കണമെന്ന് പറഞ്ഞു് മറെറാരുക്കൂട്ടർ മുറവിളിക്കൂട്ടുന്നു. സാഹിത്യത്തിന്നാലോചിച്ച് നില്ക്കുവാൻ സമയമില്ല. ആവശ്യക്കാരിരുക്കൂട്ടരും പിടിയും വലിയുമാരംഭിക്കുന്നു. മാത്രമല്ല, ആദ്യത്തെ ഭാഗത്ത് നിന്ന് തന്നെ ഒരുക്കൂട്ടർ ഓടിവന്ന് രണ്ടാമത്തേവരെ സഹായിക്കുന്നു. ജയമണഞ്ഞതു രണ്ടാമത്തെക്കൂട്ടർതന്നെയാണ്. ഇനി ആ അസൂയാകാലുഷ്യങ്ങൾകരുതാതെ അസുഖത്താൽ നെററിചുളിക്കാതെ പരാജിതരും വിജയികളുടെ പക്ഷത്തുചേർന്ന് പിന്നീടുള്ളവഴി സുഗമമാക്കുകയേ നിർവ്വാഹമുള്ളൂ.

സാഹിത്യം പലദശകളേയും കടന്നുപോന്നിട്ടുണ്ട്. സ്വയം ആസ്വാദനത്തിന്നായും തനിയ്ക്ക് വേണ്ടപ്പെട്ടവരെ ആസ്വദിപ്പിക്കുന്നതിന് വേണ്ടിയും മാത്രം തൂലികയെടുത്തിരുന്ന സാഹിത്യകാരന്മാർ മുമ്പുണ്ടായിരുന്നു. രാജാക്കന്മാരുടെ പ്രീണനാർത്ഥം തങ്ങളുടെ സാഹിത്യവാസനകളെ ഉപയോഗപ്പെടുത്തിയിരുന്ന സദസ്യരും പണ്ടത്തെ രാജസദസ്സുകളിലുണ്ടായിരുന്നു. കാലംമാറിക്കഴിയുന്നഃതാടോപ്പംതന്നെ സാഹിത്യത്തിന്റെ ഉദ്ദേശത്തിനും സ്വഭാവത്തിനും മാററങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

നമുക്ക് ഇനി "ജീവിത"ത്തെ സാമാന്യമായി ഒന്ന് സ്പർശിച്ചുനോക്കാം. മനുഷ്യന് പുനഃരാഗമനം ആവശ്യമാണ്. പക്ഷെ അത് സർവ്വതോമുഖമായിരിക്കണം. ഇന്നത്തെ മനുഷ്യൻ ശാസ്ത്രംകൊണ്ട് തന്റെ ബുദ്ധിശക്തിയുടെ മഹിമ പ്രദർശിപ്പിക്കുവാൻ അത്യുന്നതമായ ഒരു മണിമാളികപണിയുന്നു. പക്ഷെ അതിന്റെപണി പൂർത്തിയാകുന്നതോടൊപ്പം അവന്റെഹൃദയം ശൂന്യമായിക്കഴിഞ്ഞിരിക്കും. അതിന്റെസ്ഥാനത്ത് ചിന്തകക്ക് കാണാൻകഴിയുന്നത് അത്യഗാധമായ ഹൃദയശൂന്യതയുടെ ഭയങ്കരഗർത്തമാണ്. അത്രയ്ക്കധഃപതിച്ചുകഴിഞ്ഞു മനുഷ്യന്റെഹൃദയസംസ്കാരം. കഴിഞ്ഞ അഞ്ചാറുകൊല്ലക്കാലത്ത്, ശാസ്ത്രജ്ഞന്റെ തലച്ചോറ് അവിശ്രമം പരിശ്രമിച്ചുകൊണ്ടിരുന്നതിന്റെഫലമായി മനുഷ്യാത്മാക്കൾ, എത്ര കോടികോടി മനുഷ്യാത്മാക്കൾ, നിത്യവിശ്രമമടഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. മനുഷ്യന്റെ ഹൃദയശൂന്യത, അക്ഷന്തവ്യമായതരത്തിൽ, ലോകനീതികളുടെ സർവ്വസീമകളേയും അതിലംഘിച്ചുകഴിഞ്ഞു. അതിനി കണ്ടുപൊറുക്കുക ലോകത്തിലെ ഒരു ചുരുങ്ങിയ ശതമാനം മാത്രമുള്ള ഹൃദയാലുക്കൾക്ക് സാദ്ധ്യമല്ല.

ഓരോ നാട്ടിലും അനീതിയും, അക്രമവും, സമുദായമദ്ധ്യത്തിൽ പല രൂപങ്ങളുമണിഞ്ഞു കുഴപ്പങ്ങളും ലഹളകളും സൃഷ്ടിക്കും. സാമുദായികാനാചാരങ്ങളുടെ ദുഷ്ഫലങ്ങൾ നമ്മുടെ ദൈനന്ദിനജീവിതത്തെ സാരമായി സ്പർശിക്കുന്നു. സമുദായത്തിലെ ആചാരങ്ങൾ പണ്ടുള്ളവർ സൃഷ്ടിച്ചതു എന്തു സദുദ്ദേശത്തിന്നു വേണ്ടിയായാലും ശരി, മനുഷ്യന്റെ ഹൃദയശൂന്യത വർദ്ധിച്ചുവരുന്നതോടൊപ്പം അതിന്റെ വ്യക്തമായ ഒരു പ്രതിബിംബവും ഈ ആചാരങ്ങളിൽ പ്രസ്ഫുടമായി പതിയാതിരിയ്ക്കില്ല. കേരളീയരെക്കുറിച്ചു നോക്കുന്നപക്ഷം നമുക്കെന്തു കാണാൻ കഴിയും? കേരളം അയിത്തത്തിന്റെ അരമനയാണ്. കേരളം ക്രൂരങ്ങളായ സാമുദായികനീതികളുടെ ക്രൂത്തരങ്ങാണ്. ഇന്നത്തെ കേരളം ഇതിന്നെല്ലാം പുറമെ ദാരിദ്ര്യത്തിന്റെ ബലിഷ്ഠഹസ്തങ്ങളിൽ കിടന്നു ഞെരുങ്ങുകയാണ്.

ഈ കാര്യങ്ങൾക്കെല്ലാം ജനങ്ങൾ ഏതു വിധത്തിൽ പരിഹാരം തേടി? മേൽപറഞ്ഞ സംഗതികൾ എളുപ്പത്തിൽ പതിയുന്നതു ഹൃദയാലുക്കളുടെ ആർദ്രചിത്തങ്ങളിലായിരിയ്ക്കും. അവർ അവക്കു കഴിയുന്നതുപോലെ കാര്യങ്ങൾ നേരെയാക്കാൻ ശ്രമിക്കും. കവികളാണെങ്കിൽ അവർ ഹൃദയസ്പർശികളായ കവിതകളെഴുതും. ഇത്തരം കവിതകൾ അനുവാചകഹൃദയങ്ങളെ സാരമായി സ്പർശിക്കും. അവരും സമുദായത്തിലെ അനാചാരങ്ങളെ ശക്തിപൂർവ്വം, യുക്തിപൂർവ്വം എതിർക്കും.

കേരളത്തിലെ നമ്പൂതിരിസമുദായം അനാചാരങ്ങളുടെ ഭയങ്കര കലവറയായിരുന്നു. ആ അനാചാരങ്ങൾ അടുത്ത കാലത്തു മാത്രമാണ് കുറേശ കുറേശയായി ദൂരീകൃതങ്ങളായി വരുന്നത്. ഈ ദൂരീകരണവിഷയത്തിൽ ഭാഷാസാഹിത്യത്തിന്നു അതിപ്രധാനമായ ഒരു പങ്കാണുള്ളത്. പണ്ടത്തെ വെണ്മണിയോ, നടുവ

ത്തച്ഛനോ, നടുവത്ത് മഹനോ ചെയ്തപോലെ പൂരപ്രബന്ധങ്ങളും ശൃംഗാരശ്ലോകങ്ങളും രചിക്കുന്നതിന്നു പകരം ഉൽപതിഷ്ണുക്കളായ ഇന്നത്തെ നമ്പൂതിരിസമുദായത്തിലെ അംഗങ്ങൾ 'അഫ്ഫന്റെ മകളും' 'ഋതുമതിയും' 'വാൽക്കണ്ണാടിയും' എഴുതിത്തുടങ്ങിയതു മേൽപറഞ്ഞതിന്നു നല്ലൊരുദാഹരണമാണ്. കുടിലങ്ങളായ സമുദായ നീതികളെപ്പററി 'ഋതുമതി'യുടെ കർത്താവ് പാടുന്നതു നോക്കുക.

'കുടയെടുത്തീടണം, കുപ്പായമൂരണം
കുടിലസമുദായനീതി നോക്കൂ.'

നമ്മുടെ സമുദായങ്ങളിലെ അനാചാരങ്ങളുടെ എണ്ണം എടുത്തുപറയുക സാധ്യമല്ല. ഈ അനാചാരങ്ങൾ വരുത്തിക്കൂട്ടുന്ന നിരവധി ദാരുണസംഭവങ്ങളെ അനുവാചകരുടെ മനസ്സിൽ, മണലിൽ വെയ്ക്കുന്ന കാലടിയെപ്പോലെയല്ല, കല്ലിൽ കൊത്തുന്ന ബിംബത്തെപ്പോലെ, പതിപ്പിക്കുകയാണ് സാഹിത്യകാരൻ ചെയ്യുന്നതു്. ദാസ്യവൃത്തിയുടെ അനാശാസ്യതകളെ എടുത്തുപൊക്കിക്കാണിക്കുന്ന വള്ളത്തോളിന്റെ 'കൊച്ചുസീത' ജീവിതസ്പൃശിയായ ഒരു സാഹിത്യസൃഷ്ടിയാണ്. അതിലെ

'അമ്പോ! മഹിമവിതാഷ് ഭ്രുവെതവ
വമ്പോക്കളത്തിലും നിഷ്കാമകാഹളം!
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി
വേശ്യത്തെരുവിലും ചാരിത്രസൌരഭം!"

എന്നീ വരികളും മററും ഒരിക്കൽ വായിച്ചാൽ ആരും മറക്കുമെന്നു തോന്നുന്നില്ല. ശ്രീ. ജി. ശങ്കരക്കുറുപ്പിന്റെ 'കൊച്ചമ്മ' എന്ന കവിതയിൽ ഒരു ദരിദ്രബാലന്റെ നോട്ടത്തിന്റെ ശക്തിയെ രസമായി പ്രതിപാദിക്കുന്നതു നോക്കുക.

" മോളിലേയ്ക്കവനൊന്ന് നോക്കിനാ; നാനോട്ടത്തിൻ
കാളിടും ചൂടിൽ ദൈവംപൊരിഞ്ഞുപോയീലല്ലി. "

അവന്റെ നെടുവീപ്പ് ധർമ്മത്തിന്റെ തുംഗമണിധ്വജം പിടിച്ചുകുലുക്കുവാൻ കെൽപ്പുള്ളതാണെന്നു കവിപറയുന്നു:-

"ഒന്നവൻനെടുതായി വീപ്പിട്ടാൻ; ധർമ്മത്തിന്റെ-
യുന്നതമണിധ്വജം കുലുങ്ങിപ്പോയീലല്ലി. "

ഇത്രയും പറഞ്ഞതു് സാമുദായികജീവിതത്തിന്നും സാഹിത്യത്തിന്നുംതമ്മിൽ എത്രകണ്ട് ബന്ധമുണ്ടെന്നു കാണിക്കുവാനാണ്. ഇനി, അടുത്തപടിയായി, ഇന്നത്തെ രാഷ്ട്രീയജിവിതത്തിൽ സാഹിത്യത്തിനുള്ള സ്ഥാനത്തെപ്പററി പ്രതിപാദിക്കാം

സാഹിത്യം യഥാൎത്ഥത്തിൽ ആസ്വാദകന്റെ ഹൃദയത്തിൽ ഒരു വമ്പിച്ച പ്രേരണശക്തി ചെലുത്തുവാൻ പ്രാപ്തിയുള്ളതാണ്. ദേശീയബോധം ഓരോ വ്യക്തിയുടേയും മനസ്സിൽ ദൃഢമൂലമായി വളൎത്തുവാൻ ഏതൊരു ഭാഷയിലേയും പദ്യസാഹിത്യത്തിന്നുള്ളത്ര കഴിവ് മററൊന്നിനുമുണ്ടെന്നു തോന്നുന്നില്ല. വള്ളത്തോളിന്റെ 'പോരാ പോരാ' എന്ന രാഷ്ട്രീയഗാനം എത്ര ആവേശകരമാണ്. ഓരോ രാഷ്ട്രത്തിന്നും പ്രത്യേകമായ ഓരോ ദേശീയഗാനമുണ്ട്. ഈയിടെ നമുക്കറിവാനിടവന്നിട്ടുള്ള ഇന്ത്യൻ ദേശീയസേനയുടെ ഗാനം എത്ര ഹൃദയാവൎജ്ജകമാണ്; എത്ര ഉന്മേഷകാരിയാണ്.

മനുഷ്യജീവിതത്തെ കൂടുതൽ സുഖസമ്പൂൎണ്ണമാക്കാനനവരതം പ്രവൎത്തിക്കുന്ന മനുഷ്യന് സാഹിത്യം കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. സാഹിത്യത്തിന്റെ അനിവാൎയ്യത ഏററവുമധികം മുറുകിവരുന്നത് സാഹിത്യം ജീവിതത്തോടു എത്രമാത്രം ബന്ധപ്പെടുന്നു എന്നതു നോക്കിയാണ്. സാഹിത്യത്തെ ജീവിതവുമായി കുറേക്കൂടി കൂട്ടിയിണക്കുവാൻ "പുരോഗമന സാഹിത്യ സംഘടനകൾ" ലോകത്തിന്റെ നാനാഭാഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആലസ്യമോ, ദാരിദ്ര്യമോ മററോ കാരണമായി കാലത്തെ അനുധാവനംചെയ്യാൻ സാധിക്കാതെവരുന്ന ഒരു സാഹിത്യകാരനേയും ഉണൎത്തി കാലത്തോടൊപ്പം എത്തിക്കുകയാണ് ഈ സംഘടനകൾ ചെയ്യുന്നത്. നാളത്തെ മംഗളപ്രദായിനിയായ പുലരിയെ സ്വാഗതംചെയ്യാൻ, അതേവരെയുണ്ടായിരുന്ന അന്ധകാരത്തിൽ ലോകത്തെ സമാധാനിപ്പിച്ചുകൊണ്ടിരുന്ന സാഹിത്യകാരന്മാരില്ലാതെ പററുമോ? "നാള"ത്തെ പ്രഭാതത്തെക്കുറിച്ച് കവി മുമ്പുതന്നെ കണ്ടറിയുന്നു. അയാൾ പുല്ലിനെ സാന്ത്വനം ചെയ്യുന്നു. നക്ഷത്രത്തെ വിറപ്പിക്കുന്നു. 'നാള'ത്തെ പ്രഭാതത്തിൽ

"...................................
പുല്ലിനും മരത്തിന്നു മൊപ്പമാണവകാശം."
"ഇല്ലിനിയസമത തളിക്കാം കുരുക്കുത്തി-
മുല്ലയ്ക്കും വാനംപുൽകും മുകിലിൻ പരപ്പിനും"

നമുക്കാ "നാളെ"ത്തെ സുപ്രഭാതത്തെ പ്രതീക്ഷിച്ചിരിക്കുക!

പി. മാധവൻകുട്ടിവാരിയർ,
ജൂനിയർ ഇൻറർമീഡിയററ്.

131471
28356
521:N291
H6
392PR.
UNIVERSITY LIBRARY, MADRAS. 10 OCT 1948